മാധ്യമം ● ഞായർ ● 12 ആഗസ്റ്റ് 2018 ● ലക്കം 1576

# വാരാദ്യ മാധ്യമം

varadyam@madhyamam.in



ശരത്തും അമ്മ ഗീതയും

ഗീത

# സ്വപ്നസഞ്ചാരികൾ

**കാശി, ഹരിദ്വാർ, ഋഷികേഷ്, കേദാർനാഥ്, ഷിംല, മണാലി... 60 കാരിയായ അമ്മയെ തൻെറ ബുള്ളറ്റിന് പിന്നിലിരുത്തി ഒരു യുവാവ് സഞ്ചരിച്ചുകൊണ്ടേയിരിക്കുകയാണ്. കൂട്ടുകാരോ സഹപ്രവർത്തകരോ അല്ല, പെറ്റമ്മയാണ് ആ യുവാവിൻെറ എന്നത്തെയും സഹയാത്രിക. വീടും വീട്ടുകാരും മാത്രമുണ്ടായിരുന്ന ലോകത്തുനിന്ന്, പ്രതീക്ഷകളുടെ വിഹായസ്സിൽ പറന്നുനടക്കുന്ന ഒരമ്മയുടെയും മകൻെറയും സ്വപ്നതുല്യമായ സഞ്ചാരങ്ങൾ...**

സി.വി. സിനിയ

ഗംഗാസ്നാനവും കഴിഞ്ഞ് കാശിനാഥനെ താണുവണങ്ങി നിറഞ്ഞ പുഞ്ചിരിയോടെ ഒരമ്മ നടന്നുവരുന്നു. ഭക്തിനിർഭര അന്തരീക്ഷത്തിലൂടെ നടക്കുമ്പോൾ ആ അമ്മ കൂടുതൽ സന്തോഷവതിയായിരുന്നു. നന്ദിയോടെ ഒന്നുകൂടി കാശിനാഥനെ തൊഴുത് 31കാരനായ മകന് മുന്നിൽ ഒരു കൊച്ചുകുട്ടിയെപ്പോലെ ആ അമ്മ ആത്മസംതൃപ്തിയോടെ നിന്നു... എന്നിട്ട് പതുക്കെ പറഞ്ഞു. "ഒരു പക്ഷേ, ഇവൻ നിർബന്ധിച്ചില്ലായിരുന്നെങ്കിൽ ആ അസുലഭ മുഹൂർത്തം എനിക്ക് നഷ്ടപ്പെടുമായിരുന്നു".

പെട്ടെന്ന് ആരോ കതകിൽ തട്ടി. ആ ചെറുപ്പക്കാരൻ കണ്ണുതുറന്ന് നോക്കിയപ്പോൾ ഒരുനിമിഷം താൻ എവിടെയാണെന്നറിയാതെ അമ്പരന്നു. വടക്കുംനാഥ ക്ഷേത്രത്തിനടുത്തെ തൻെറ വീട്ടിലാണ് ഇരിക്കുന്നതെന്ന യാഥാർഥ്യം ആ ചെറുപ്പക്കാരൻ അപ്പോഴാണ് തിരിച്ചറിഞ്ഞത്.

പകലുറക്കത്തിൻെറ ഏതോ അഗാധതയിൽ താനും അമ്മയും കാശിയിലും കൈലാസത്തിലുമൊക്കെയായി സുന്ദരമായ സ്വപ്നത്തിലൂടെ സഞ്ചരിക്കുകയായിരുന്നു. തനിക്കുണ്ടായ ഉൾവിളിപോലെയായിരുന്നു ആ സ്വപ്നം. പിന്നീട് ഒന്നും നോക്കിയില്ല. രണ്ട് ടിക്കറ്റ് വാരാണസിക്ക് ബുക്ക് ചെയ്തു.

ഒന്ന് തനിക്കും മറ്റൊന്ന് 60 കാരിയായ തൻെറ അമ്മക്കും. സുഹൃത്തുക്കളെയും ബന്ധുക്കളെയും ഒഴിവാക്കി സ്വന്തം അമ്മയുമായി ഒരു യാത്ര. ഇത് വെറുമൊരു സ്വപ്നമായിരുന്നില്ല. അത് സാക്ഷാത്കരിക്കാൻ ഈ യുവാവ് ഇത്രയും സാഹസപ്പെട്ടതിന് പിന്നിൽ വലിയൊരു കഥയുണ്ട്. അതാണ് തൃശൂർക്കാരൻ ശരത്കൃഷ്ണക്കും അമ്മ ഗീതക്കും പറയാനുള്ളത്.

## 'സ്വർഗ'ത്തിലെത്തിയ നിമിഷം

കാശിക്ക് പോകണമെന്നത് അമ്മ വർഷങ്ങളായി ഉള്ളിൽ കൊണ്ടുനടക്കുന്ന ആഗ്രഹമാണെന്ന് ശരത്തിനറിയാം. യാത്രയെക്കുറിച്ച് പറഞ്ഞപ്പോൾ വീടുവിട്ടിറങ്ങാൻ അമ്മക്ക് ചെറിയൊരു മടി. അമ്മയുടെ ആഗ്രഹം സഫലമാക്കാൻ ഒരുവിധത്തിൽ ശരത് സമ്മതിപ്പിച്ചെടുത്തു. ഇരുവരും മൂന്നു ദിവസത്തെ യാത്രക്കുള്ളതെല്ലാം പാക്ക് ചെയ്ത് കൊച്ചിയിൽനിന്ന് വിമാനമാർഗം നേരെ വാരാണസിയിലേക്ക്. അവിടെ നിന്ന് നേരെ കാശിയിലേക്ക്.

നിലാവിൻെറ നിറച്ചാർത്തണിഞ്ഞ ആ ചരിത്രമുറങ്ങുന്ന മണ്ണിലേക്ക് ശരത്തും ഗീതയും നിറഞ്ഞ മനസ്സോടെ നടന്നു. പുണ്യനദി ഗംഗയെ തൊട്ടുവന്ദിച്ച് ഇരുവരും നടത്തം തുടർന്നു. നടത്തം അവസാനിപ്പിച്ചത് ഒറ്റപ്പാലംകാരൻ ചേട്ടൻെറ കേരള കഫേയിലായിരുന്നു. സ്വാദിഷ്ടഭോജനത്തിന് ശേഷം ഇരുവരും മുറിയിലെത്തി. താൻ കണ്ട സ്വപ്നം യാഥാർഥ്യമാക്കാൻ വടക്കുംനാഥന് ഒരുകോടി പ്രണാമമർപ്പിച്ച് ഉറങ്ങാൻ കിടക്കുമ്പോഴും ശരത്തിൻെറ ഉള്ളിൽ ആയിരം സ്വപ്നങ്ങൾ വന്നുനിറഞ്ഞു.

പിറ്റേദിവസം രാവിലെ കാശി വിശ്വനാഥൻെറ മംഗളാരതി കഴിഞ്ഞ് ഗംഗാസ്നാനവും നടത്തിയശേഷം മനോഹരിയായ ഗംഗയിലൂടെ ഒരു സവാരി പോയാലോ എന്നായി. അങ്ങനെ ഗീതയും ശരത്തും ബോട്ട് യാത്ര ചെയ്തു. ആ യാത്ര അവസാനിപ്പിച്ച് കാശി ക്ഷേത്രപരിസരത്ത് തന്നെ ഭക്തിയുടെ നിറവിൽ ഇരുവരും കുറെനേരം ചെലവഴിച്ചു. ലോകപ്രശസ്തമായ പുണ്യഗംഗയെ ആരതി ഉഴിയുന്നതിൽ അമ്മയെ പങ്കെടുപ്പിക്കണമെന്ന ആഗ്രഹം ശരത്തിൻെറ ഉള്ളിലുമുണ്ടായിരുന്നു. ആ അസുലഭ മുഹൂർത്തത്തിനായി ഇരുവരും കാത്തിരുന്നു... ഗംഗാനദിയെ പൂജിക്കുന്ന ധന്യമുഹൂർത്തം കണ്ട് ഗീതയുടെ കണ്ണുകളിൽനിന്ന് ആനന്ദാശ്രു പൊഴിഞ്ഞു.

കാശിയിലെ കാഴ്ചകൾ കണ്ട് ഡൽഹിയിലേക്കും അവിടെനിന്ന് നാട്ടിലേക്കു മടങ്ങാമെന്നായിരുന്നു തീരുമാനം. അതിനായി ട്രെയിൻ കയറി. യാത്രക്കിടയിൽ അവിചാരിതമായി മലയാളി ടി.ടി.ആറിനെ കണ്ടുമുട്ടിയതോടെയാണ് ഷിംലക്കുള്ള ട്രെയിനിലാണ് ഇരുവരും കയറിയതെന്ന് മനസ്സിലായത്. അദ്ദേഹത്തോട് ഷിംലയെക്കുറിച്ച് സംസാരിക്കുന്നതിനിടയിൽ ശരത് ഇടക്കിടെ അമ്മയെ നോക്കി. യാത്രകളൊന്നും മതിയായില്ല എന്ന് ആ മുഖം പറയുന്നുണ്ടായിരുന്നു. പിന്നെ ഒന്നും ആലോചിച്ചില്ല. നാട്ടിൽ തിരിച്ചുപോകാമെന്ന പദ്ധതി ഉപേക്ഷിച്ച് നേരെ ഷിംലയിലേക്ക്.

ഷിംലയുടെ ഭംഗി അവരെ വല്ലാതെ ആകർഷിക്കുന്നുണ്ടായിരുന്നു. യാത്രചെയ്യാൻ മുൻകൂട്ടി നിശ്ചയിക്കാത്തതുകൊണ്ട് തന്നെ ആവശ്യത്തിനുള്ള വസ്ത്രങ്ങളും മറ്റും അവിടെനിന്ന് തന്നെ വാങ്ങി. പിറ്റേ ദിവസം നേരെ കസോളിലേക്കും മണാലിയിലേക്കും. ഷിംലയിൽനിന്ന് മണാലിയിലേക്ക് പോകുമ്പോഴാണ് അമ്മയെ ബുള്ളറ്റിലിരുത്തി ഒരു യാത്ര പോയാലോ എന്നൊരു തോന്നൽ ശരത്തിൻെറ ഉള്ളിലുണ്ടായത്. ജീവിതത്തിൽ അന്നുവരെ ബൈക്കിൽ കയറിയിട്ടില്ലാത്ത അമ്മയെ എങ്ങനെ സമ്മതിപ്പിക്കുമെന്നായി. വീട്ടിൽ ബൈക്ക് ഉണ്ടായിട്ടും ഒരിക്കൽപോലും അതിൽ കയറി യാത്രചെയ്യണമെന്ന് ഗീതക്ക് തോന്നിയിട്ടില്ല. നാട്ടിൽനിന്ന് വിട്ടുമാറി ദുർഘട വഴികളിലൂടെ യാത്ര ചെയ്യുന്നതിനെക്കുറിച്ച് ഗീതക്ക് ആലോചിക്കാൻപോലും തോന്നിയില്ല. ഉള്ളിൽ എന്തെന്നില്ലാത്ത ഭയം വന്നു നിറഞ്ഞു. മേഘങ്ങളെ തലോടിക്കൊണ്ടുള്ള ആ ബൈക്ക് യാത്രയെക്കുറിച്ച് ശരത്ത് പതിയെ വിവരിച്ചപ്പോൾ ഗീതയുടെ ഉള്ളിൽ ഏതോ വലിയ മോഹം വന്നുദിച്ചു... ഒടുവിൽ ബൈക്കിൽ യാത്രചെയ്യാമെന്ന് സമ്മതം അറിയിച്ചപ്പോൾ 500 സി.സി ബുള്ളറ്റ് ശരത് തരപ്പെടുത്തി. അങ്ങനെ റോത്താങ്ങിൻെറ ഭംഗി ആസ്വദിച്ച് ഇരുവരും യാത്ര ആരംഭിച്ചു.

## മഞ്ഞിൽ കുളിച്ച യാത്ര

അതീവ ദുർഘട പാതയിലൂടെ അമ്മയെ പിന്നിലിരുത്തി ഒരു ബുള്ളറ്റ് യാത്ര. ഭൂമിയിലെ അത്യുന്നതിയിൽ, ജീവിതത്തിലെ സുന്ദരമായ നിമിഷം കണ്ടുനിൽക്കെ ഗീതയുടെ കണ്ണുകൾ നിറഞ്ഞൊഴുകി. ശരത് അമ്മയെ ചേർത്തുനിർത്തി. അത്രയും ഉയരത്തിൽ നിന്നുകൊണ്ട് ഒരമ്മയും മകനും ആനന്ദിച്ചിട്ടുണ്ടാവില്ല. ആ നിമിഷം അവൻെറ കാൽച്ചുവട്ടിലായിരുന്നു. ഒരു മകൻ അമ്മക്ക് നൽകാവുന്ന സുവർണമായ നിമിഷമായിരുന്നു അത്.

മഞ്ഞുമലക്ക് മുകളിലെത്തിയപ്പോൾ സന്തോഷംകൊണ്ട് എന്ത് പറയണമെന്നറിയാതെ ഗീത ചിരിക്കുകയായിരുന്നു. 60 വയസ്സുള്ള അമ്മ പ്രായംപോലും മറന്നുപോയിരുന്നു. ഒരു കൗമാരക്കാരിയെപ്പോലെയായിരുന്നു. ആദ്യമായി മഞ്ഞ് കണ്ടപ്പോൾ അമ്മ തുള്ളിച്ചാടുകയായിരുന്നുവെന്ന് ശരത് പറയുന്നു.

അന്നുവരെ വായിച്ചും അറിഞ്ഞും മാത്രം പരിചയമുള്ള ഹിമാലയത്തിൽ താൻ എത്തിയിരിക്കുന്നു. ഒരിക്കലും അമ്മ ഇത്രയും സന്തോഷിച്ചത് താൻ കണ്ടിട്ടില്ല. ആ നിമിഷം താൻ അഭിമാനം ഉയർത്തിപ്പിടിച്ച നിമിഷംകൂടിയായിരുന്നുവെന്ന് ശരത് പറയുന്നു. മതിവരുവോളം മഞ്ഞിൽ തിമിർത്താടി. തണുപ്പിൻെറ കാഠിന്യം കൂടിയപ്പോൾ തിരികെപ്പോകാമെന്നായി. മടിച്ചുമടിച്ചാണ് ഗീത മണാലിയിലേക്ക് യാത്ര തിരിച്ചത്.

കണ്ടിട്ടും ആസ്വദിച്ചും മതിവരാതെ ആ മഞ്ഞുമലകളെ ചിരിച്ചുകൊണ്ട് ഗീത നോക്കി. ആ ചിരിയാണ് അമ്മയിൽനിന്ന് തനിക്ക് ലഭിക്കാവുന്ന ഏറ്റവും വലിയ സന്തോഷമെന്ന് ശരത് പറയുന്നു. ചില സ്വപ്നങ്ങൾ അങ്ങനെയാണ്. നാം മൂടിവെച്ചാലും തിരിച്ചറിവുള്ള മക്കൾ അത് മനസ്സിലാക്കി അതിൻെറയൊപ്പം നിൽക്കും. അതുതന്നെയാണ് ശരത് തൻെറ അമ്മക്കുവേണ്ടി ചെയ്ത പുണ്യപ്രവൃത്തിയും.

60 വയസ്സുകാരിക്ക് സാധാരണയുള്ള എല്ലാ അസുഖങ്ങളും ഗീതക്ക് ഉണ്ടെങ്കിലും യാത്രക്കിടയിൽ ഒരു ബുദ്ധിമുട്ടും ഉണ്ടാവരുതെന്ന് ശരത് ആഗ്രഹിച്ചിരുന്നു. തൻെറ കൂടെ അമ്മയാണ് എന്ന തിരിച്ചറിവ് ഉള്ളതുകൊണ്ട് തന്നെ ഒരോ ചെറിയ കാര്യങ്ങളും അത്രയും സൂക്ഷ്മതയോടെയാണ് ചെയ്തിരുന്നത്. അതുകൊണ്ട് തന്നെ ചിലയിടങ്ങളിൽ അമ്മയുമായി യാത്ര ചെയ്തത് ഹെലികോപ്ടറിലാണ്. കാശിയിലെ ഓരോ ബുദ്ധിമുട്ടേറിയ വഴിയിലൂടെയും അമ്മയുടെ കൈപിടിച്ച് നടക്കുമ്പോൾ പുതുതലമുറയിലെ ചെറുപ്പക്കാരോട് ശരത് എന്തൊക്കെയോ പറയുന്നുണ്ടായിരുന്നു.

## അമ്മയുടെ ആഗ്രഹങ്ങൾ തിരിച്ചറിഞ്ഞ മകൻ

തൃശൂരിലെ വീട്ടിൽ ഭർത്താവും കുട്ടികളുമായിരുന്നു ഗീതയുടെ ലോകം. അതിനുമപ്പുറത്തേക്ക് ഒരിക്കലും അവരുടെ ഒരാഗ്രഹവും വളർന്നില്ല. എല്ലാം അവർക്കുവേണ്ടി മാത്രമായി ഇത്രയും കാലം ജീവിച്ചു. അതിനിടയിലാണ് ഗീതയുടെ യാത്രകമ്പത്തെക്കുറിച്ച് ശരത് തിരിച്ചറിയുന്നത്.

പലപ്പോഴും ടി.വിയിലും മാസികകളിലും ചില യാത്രകളെക്കുറിച്ച് കാണുമ്പോൾ ആ അമ്മയുടെ മുഖം തിളങ്ങും. വീണ്ടും ആ മാസിക അതുപോല മടക്കി ആ ആഗ്രഹം ഉള്ളിൽ തന്നെ ഒതുക്കും. അന്നൊന്നും ഗീത തൻെറ ആഗ്രഹം പ്രകടിപ്പിച്ചിരുന്നില്ല. ഇങ്ങനെ ഒരു നാളിലാണ് ഇളയ മകൻ ശരത് അത്ഭുതപ്പെടുത്തിക്കൊണ്ട് അമ്മയെ യാത്ര കൊണ്ടുപോകുന്നത്.

2014ൽ ഒരു ബിസിനസ് മീറ്റിൻെറ ഭാഗമായി പോകേണ്ടി വന്ന മുംബൈ യാത്രയിൽ അമ്മയെ കൂടെക്കൂട്ടാൻ ശരത് തീരുമാനിച്ചു. വടക്കുംനാഥനും ഗുരുവായൂരിനുമപ്പുറമുള്ള യാത്ര അന്ന് അവരുടെ മനസ്സിലുണ്ടായിരുന്നില്ല. ഏറെ നിർബന്ധിച്ചപ്പോഴാണ് ഗീത സമ്മതം മൂളിയത്. അഞ്ചുദിവസത്തേക്കുള്ള യാത്രയായിരുന്നു ഇരുവരും പുറപ്പെട്ടത്. ആ യാത്രയിൽ നാസിക്, അജന്ത, എല്ലോറ തുടങ്ങിയ പല സ്ഥലങ്ങളും അമ്മ മതിവരുവോളം കണ്ടു.

ആ യാത്ര ഗീതയെ തന്നെ ആകെ മാറ്റിമറിച്ചു. ശരത് യാത്രകൾക്ക് മുന്നൊരുക്കം നടത്തുന്നതൊക്കെ എന്നും അമ്മയെയും മുന്നിൽകണ്ടുകൊണ്ടാണ്. കൂട്ടുകാരോ നാട്ടുകാരോ ആരുമില്ലാതെ സ്വന്തം അമ്മ തന്നെയാണ് ഏറ്റവും നല്ല സഹയാത്രികയെന്ന് ശരത് പറയുന്നു. താൻ പോയ സ്ഥലങ്ങളിലെല്ലാം അമ്മയെയും കൊണ്ടുപോകണമെന്നത് ശരത്തിൻെറ ഉള്ളിലുള്ള ആഗ്രഹമായിരുന്നു.

തനിക്ക് ചിന്തിക്കാവുന്നതിനുമപ്പുറമായിരുന്നു ആ യാത്രകളെന്ന് ഗീത പറയുന്നു. സ്വപ്നമായിരുന്നോ യാഥാർഥ്യമായിരുന്നോയെന്ന് ഇപ്പോഴും തീർച്ചയില്ല. വീടിനപ്പുറത്ത് തന്നെ കാത്തിരുന്ന വലിയ ലോകമുണ്ടെന്ന് തിരിച്ചറിഞ്ഞ ആ യാത്രകളിലായിരുന്നു അത്. അതിന് ശേഷവും ഹരിദ്വാർ, ഋഷികേഷ്, കേദാർനാഥ് എന്നിവിടങ്ങളിലൊക്കെ അമ്മയുമായി യാത്രചെയ്തു. ഓരോ പുതിയ സ്ഥലം കാണുമ്പോഴും ആ അമ്മയുടെ കണ്ണിലെ തിളക്കം കണ്ട് ശരത്തിൻെറ മനസ്സ് നിറയുന്നുണ്ടായിരുന്നു.

ബിസിനസുകാരനാണെങ്കിലും ഏറെ പണിപ്പെട്ടാണ് ശരത് യാത്രക്കുള്ള പണം കണ്ടെത്തിയത്. അതിനെക്കുറിച്ച് ശരത് പറയുന്നതിങ്ങനെ: "അടുത്തവർഷം ചിലപ്പോൾ എൻെറ കൈയിൽ പണമുണ്ടാകും. അമ്മക്ക് പ്രായമാകുന്തോറും ആ ആഗ്രഹം നിറവേറ്റാൻ കഴിഞ്ഞെന്ന് വരില്ല. അതുകൊണ്ടാണ് ഇത്രയും സാഹസപ്പെട്ട് അമ്മയെ യാത്രക്ക് കൊണ്ടുപോയത്. നമുക്ക് ചുറ്റും എത്രയെത്ര അമ്മമാരാണ് അടുക്കളയും അടുക്കളപ്പുറത്തുള്ള ജീവിതവുമായി എല്ലാം സഹിച്ച് ആഗ്രഹങ്ങൾ ഉള്ളിലൊതുക്കി കഴിയുന്നത്. അത് മക്കൾ തിരിച്ചറിഞ്ഞ് അവരുടെ സ്വപ്നസാക്ഷാത്കാരത്തിനായി പ്രവർത്തിക്കണം. അവർക്ക് നമുക്ക് കൊടുക്കാൻ കഴിയുന്ന ഏറ്റവും വലിയ സമ്മാനവുമായിരിക്കും അത്".

കുഞ്ഞിന് ജന്മം നൽകുന്നത് മുതൽ അവർ വളർന്നു വലുതാവുന്നത് വരെ അമ്മമാരുടെ ലോകം വീട് മാത്രമായി ചുരുങ്ങാറുണ്ട്. ഇതിനിടയിൽ അവരുടേതായ സ്വപ്നങ്ങളും ആഗ്രഹങ്ങളും അവർ മറക്കും. നിറങ്ങളില്ലാത്ത നാലു ചുമരുകൾക്കുള്ളിൽ വീർപ്പുമുട്ടുന്ന തൻെറ അമ്മയുടെ ഓരോ ആഗ്രഹങ്ങളും സ്വപ്നങ്ങളും തിരിച്ചറിഞ്ഞ് അവ ഓരോന്നായി സാക്ഷാത്കരിക്കുന്നതിൻെറ തിരക്കിലാണ് ഈ മകൻ.

അന്നത്തെ വൈകുന്നേരവും പ്രത്യേകത നിറഞ്ഞതായിരുന്നു. വടക്കുംനാഥനെ തൊഴുതുമടങ്ങി നിറഞ്ഞ ചിരിയോടെ ആ അമ്മ നടന്നുവരുന്നു. ഇളം കാറ്റ് അമ്മയുടെ മുടിയിഴകളെ തലോടി കടന്നുപോകുന്നു. ഭക്തിനിർഭരമായ മനസ്സുമായി നന്ദിയോടെ വടക്കുംനാഥനെ ഒന്നുകൂടി ഗീത തിരിഞ്ഞു നോക്കി. അപ്പോഴേക്കും ശരത് അമ്മക്കരികിൽ എത്തിയിരുന്നു. മകനെ തൻെറ അടുത്തുചേർത്ത് നിർത്തി ഗീത പതുക്കെ ചോദിച്ചു... അടുത്ത യാത്ര എപ്പോഴാണ്?



ഗീത

02 സ്റ്റാലിൻെറ നാട്ടിൽ മഞ്ഞുപെയ്യുകയാണ്

04 മുടിയേറ്റിൻെറ രൗദ്രഭാവങ്ങൾ

യാത്ര



# സ്റ്റാലിന്റെ നാട്ടിൽ മഞ്ഞുപെയ്യുകയാണ്

ഗോരിയിലെ സ്റ്റാലിൻ മ്യൂസിയത്തിന്റെ ഉൾഭാഗം

**പഴയ സോവിയറ്റ് സാമ്രാജ്യത്തെ 1920 മുതൽ 1953 വരെ നയിച്ചിരുന്ന ജോസഫ് വിസ്സരിഒനോവിച് സ്റ്റാലിൻ എന്ന കമ്യൂണിസ്റ്റ് ഭരണാധികാരി ജനിച്ചത് ജോർജിയയിലെ ഗോരി എന്ന ഗ്രാമത്തിലാണ്. ഗോരിയിലെ ഒരു പാവപ്പെട്ട ഷൂമേക്കറുടെ മകനായിരുന്നു. മാർക്സിസവും ലെനിനിസവുമല്ലാത്ത സ്റ്റാലിനിസം എന്ന ഇസത്തെക്കൂടി സംഭാവന ചെയ്തു അദ്ദേഹം. ഉരുക്കു ഭരണാധികാരിയായിരുന്ന സ്റ്റാലിനെ സ്വന്തം നാട്ടുകാർ അത്ര സ്നേഹത്തോടെയല്ല നോക്കിക്കാണുന്നത്**



മ്യൂസിയത്തിൽ പ്രദർശിപ്പിച്ച സ്റ്റാലിന്റെ യൗവനകാല ചിത്രം

**ലിജി ഷംനാദ്**

“മൈ ഫ്രൻഡ്, സ്റ്റാലിനെക്കുറിച്ച് ചോദിക്കുന്ന എന്റെ ആദ്യത്തെ ടൂറിസ്റ്റ് നിങ്ങളാണ്” -ആശ്ചര്യത്തോടെയായിരുന്നു ജോർജിയയിലെ ഞങ്ങളുടെ സാരഥിയായ ജോർജിന്റെ മറുപടി. നീണ്ട അവധി ദിനങ്ങൾ ചെലവഴിക്കാൻ യൂറോപ്യൻ രാജ്യമായ ജോർജിയയിൽ എത്തിയതായിരുന്നു ഞാനും ഭർത്താവും. പോക്കറ്റിന് പരിക്ക് പറ്റാതെ ഗൾഫ് പ്രവാസികൾക്ക് സന്ദർശിക്കാൻ പറ്റുന്ന രാജ്യങ്ങളാണിപ്പോൾ ജോർജിയയും അർമീനിയയും അസർബൈജാനും. പണ്ടൊക്കെ ഈജിപ്തും സിറിയയും സന്ദർശിക്കാറുണ്ടായിരുന്ന പ്രവാസികൾ പശ്ചിമേഷ്യയിലെ അസ്ഥിരതമൂലം ഇപ്പോൾ ചെലവുകുറഞ്ഞ യൂറോപ്യൻ രാജ്യങ്ങളിലേക്ക് തിരിഞ്ഞു. ദുബൈയിൽനിന്ന് കേരളത്തിലേക്ക് പോകുന്ന നിരക്കിൽ മൂന്നാലുദിവസം ഈ രാജ്യങ്ങളിലേക്ക് യാത്രയും താമസവും ലഭ്യമാകും. ഞങ്ങളുടെ ടൂർ കമ്പനി തരപ്പെടുത്തിയ ബസ് ടൂറിൽ പങ്കുചേരാതെ സ്വകാര്യ വാഹനത്തിൽ കാഴ്ച കാണാനിറങ്ങിയതാണ് ഞങ്ങൾ. ഗൾഫുകാരുടെ സ്ഥിരം യാത്രസഹായിയാണ് മുപ്പതുകാരനായ ജോർജ്. ഉന്തിയപല്ലുകൾ പുറത്തുകാണിച്ച് എപ്പോഴും ചിരിക്കുന്ന മുഖവുമായി കാണാറുള്ള രസികനായ സാരഥിയാണ് ഇയാൾ.

“ സ്റ്റാലിനെ ഞങ്ങൾപോലും മറക്കാൻ ശ്രമിക്കുന്നു. മൂന്നാലുവർഷമായി ഒരുപാട് ടൂറിസ്റ്റുകൾ എന്റെ വണ്ടിയിൽ യാത്രചെയ്തിട്ടുണ്ട്. എല്ലാവർക്കും കാണേണ്ടത് കാക്കേറ്റിയിലെ വൈനറികളും ബരൂമിയും അനനൂരിയുമാണ്. ഇതുവരെ വന്ന കേരളക്കാർപോലും സ്റ്റാലിന്റെ കാര്യം ചോദിച്ചിട്ടില്ല.” മറുപടി പറഞ്ഞത് വൈനറി സന്ദർശിച്ച് വീഞ്ഞ് തടാകത്തിൽ നീന്തിക്കുടിക്കുകയെന്ന ലക്ഷ്യം കൈവിട്ട് ഞങ്ങളോടൊപ്പം ചേർന്ന ജാക്സൻ എന്ന പഴയ എസ്.എഫ്.ഐക്കാരനാണ്. “കേരളത്തിലെ കമ്യൂണിസ്റ്റുകൾക്ക് സ്റ്റാലിൻ അധികാരത്തിന്റെ, ശക്തിയുടെ, വിജയത്തിന്റെ മഹത്തായ പ്രതീകമാണ്. കേരളത്തിൽ സ്റ്റാലിൻ എന്നുപേരുള്ള എത്ര ആൾക്കാരുണ്ടെന്ന് ജോർജിനറിയാമോ” ജാക്സൻ ആവേശഭരിതനായി.

പഴയ സോവിയറ്റ് സാമ്രാജ്യത്തെ 1922 മുതൽ 1953 വരെ നയിച്ച ജോസഫ് വിസ്സരിഒനോവിച് സ്റ്റാലിൻ എന്ന കമ്യൂണിസ്റ്റ് ഭരണാധികാരി ജനിച്ചത് ജോർജിയയിലെ ഗോരി എന്ന ഗ്രാമത്തിലാണ്. ഗോരിയിലെ ഒരു പാവപ്പെട്ട ഷൂമേക്കറുടെ മകനായി ജനിച്ച സ്റ്റാലിൻ തന്റെ ബാല്യം ചെലവഴിച്ച ഗോരി കാണാൻ പിറ്റേദിവസം രാവിലെ പോകാൻ തീരുമാനിച്ചു.

ജോർജിയക്കാർ സാധുക്കളാണ്. നിറഞ്ഞ പുഞ്ചിരിയോടെയാണ് അവർ നമ്മെ സ്വാഗതം ചെയ്യുക. ലോകത്തെല്ലായിടത്തും വിദേശ ടൂറിസ്റ്റുകളെ പറ്റിക്കുന്നവരായിരിക്കും ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ പ്രാദേശിക കച്ചവടക്കാർ. എന്നാൽ, ജോർജിയ വ്യത്യസ്തമാണ്. വിനോദ സഞ്ചാര കേന്ദ്രങ്ങളോട് അനുബന്ധമായ വഴിയോര കടകളിൽ കൊള്ളലാഭം എടുക്കുന്ന ഒരാളെപ്പോഴും കണ്ടില്ല. നിങ്ങൾക്ക് അവരോട് വലുതായി തർക്കിക്കാനും തോന്നില്ല. ചിലരൊക്കെ വീട്ടിൽ ഉണ്ടാക്കിയ കേക്കും കുക്കീസും തിന്നാൻ നിർബന്ധിക്കും.

ജോർജിയയുടെ തലസ്ഥാനമായ ത്ബിലിസിൽനിന്ന് സ്റ്റാലിന്റെ ജന്മസ്ഥലമായ ഗോരിയിലേക്ക് ഒന്നരമണിക്കൂർ യാത്ര ദൂരമുണ്ട്. നവംബർ തണുപ്പിനെ പ്രതിരോധിക്കാൻ എന്റെ കുപ്പായങ്ങൾ പോര. പോകുന്ന വഴിയിലൊക്കെ മഞ്ഞുപെയ്തിറങ്ങുന്നു. റോഡിലൊന്നും യുവജനതയെ അധികമായി കാണാനില്ല. സാമ്പത്തികമായി പിന്നിൽനിൽക്കുന്ന രാജ്യമാണ് ജോർജിയ. അതിർത്തി പങ്കിടുന്ന രാജ്യങ്ങൾ കൂടക്കൂടെ ജോർജിയയെ ആക്രമിച്ച് കുറേശ്ശ സ്ഥലങ്ങൾ കൈവശപ്പെടുത്തുന്നുവെന്നാണ് ജോർജിന്റെ ഭാഷ്യം. സോവിയറ്റ് യൂനിയനിൽനിന്ന് പിന്മാറിയ ശേഷവും റഷ്യ ഇടക്കിടക്ക് ജോർജിയയെ ആക്രമിക്കും. സാമ്പത്തികമായി തകർന്ന ജോർജിയ ഇപ്പോൾ ടൂറിസത്തിലൂടെ തിരിച്ചുവരാൻ ശ്രമിക്കുന്നു. വൈൻ കയറ്റുമതിയും ടൂറിസവുമാണ് സാമ്പത്തിക സ്ഥിരതയിലേക്കുള്ള ജോർജിയയുടെ പ്രതീക്ഷ.

## ഗോരിയിൽനിന്ന് മോസ്കോയിലേക്ക്

പത്തു മണിയോടെ ഞങ്ങൾ ഗോരിയിലെത്തി. സ്റ്റാലിന്റെ ബാല്യം ചെലവഴിച്ച വീടുൾപ്പെടുന്ന സ്റ്റാലിൻ മ്യൂസിയ സമുച്ചയമാണ് ഇവിടത്തെ കാഴ്ച. സോവിയറ്റ് യുഗ സ്മരണകൾ ഉണർത്തുന്ന രീതിയിലാണ് മ്യൂസിയത്തിന്റെ ഘടന. മ്യൂസിയത്തിനു പുറത്തുള്ള സ്റ്റാലിന്റെ പ്രതിമക്കുമുന്നിൽ ഫോട്ടോയെടുക്കാൻ ചൈനീസ് സഞ്ചാരികളുടെ തിരക്ക്. സ്റ്റാലിന്റെ പ്രതിമക്ക് മുകളിൽ മഞ്ഞുപെയ്യുന്നു. കാലൊടിഞ്ഞ രണ്ടു നായ്ക്കൾ പൂന്തോട്ടത്തിൽ റോന്ത് ചുറ്റുന്നു. ‘അറബിക്കഥ’ സിനിമയിലെ ക്യൂബ മുകുന്ദന്റെ അവസ്ഥയിലായിരുന്നു എന്റെ ഭർത്താവും ജാക്സനും. കേരളത്തിലെ രണ്ടു സഖാക്കൾ ചൈന സഹോദരന്മാരെ കണ്ട് അടുത്ത് ചെന്നു. അവർക്കും പെരുത്ത് സന്തോഷം. എല്ലാവരും സ്റ്റാലിന്റെ പ്രതിമക്കടുത്തുനിന്ന് റെഡ് സല്യൂട്ട് കൊടുത്തു. പ്രധാന സമുച്ചയത്തിലേക്ക് കടക്കും മുമ്പ് ഞങ്ങൾ സ്റ്റാലിന്റെ ജന്മഗൃഹം സന്ദർശിച്ചു. തടികൊണ്ടുണ്ടാക്കിയ ഒരു കൊച്ചു വീട്. നാലുവയസ്സുവരെ സ്റ്റാലിൻ ജീവിച്ച മരയഴികളുള്ള ഈ വീട്ടിൽ രണ്ടു കിടപ്പുമുറികളാണുള്ളത്. ഷൂമേക്കറായിരുന്ന സ്റ്റാലിന്റെ പിതാവ് ഒരു മുറി വാടകക്കെടുത്ത് താഴത്തെ നിലവറ തന്റെ പണിശാലയായി ഉപയോഗിച്ചിരുന്നു. മറ്റേ മുറിയിലാണ് വീട്ടുടമസ്ഥൻ താമസിച്ചത്. ദാരിദ്ര്യത്തിലാണ് സ്റ്റാലിൻ വളർന്നത്. ഈ വീടിനോട് ചേർന്ന് ഇതുപോലെയുള്ള കുഞ്ഞുവീടുകൾ വേറെയും ഉണ്ടായിരുന്നു. അവയൊക്കെ ഇടിച്ചുനിരത്തപ്പെട്ടു. സ്റ്റാലിന്റെ വീടിന്റെ ചവിട്ടുപടിയിൽ എന്റെ നല്ലപാതി ആത്മനിർവൃതിയോടെ ഇരുന്നു. വീടിനകത്ത് സന്ദർശകർക്ക് പ്രവേശനമില്ല. പൂന്തോട്ടത്തിലെ നായ്ക്കൾ സന്ദർശകർക്കിടയിലൂടെ ഓടിനടക്കുന്നു. ഞാൻ പേടിച്ചെങ്കിലും അവർ ആരെയും ഉപദ്രവിച്ചില്ല. സ്റ്റാലിന്റെ ശൗര്യം നായ്ക്കളിലും അച്ചടക്കത്തിന്റെ പാഠങ്ങൾ പഠിപ്പിച്ചിട്ടുണ്ടാവാം.



യാൾട്ട സമ്മേളനത്തിൽ പങ്കെടുക്കാൻ സ്റ്റാലിൻ യാത്ര ചെയ്ത ട്രെയിനിന്റെ കാരേജ്

15 ലാറി (ജോർജിയൻ കറൻസി) ടിക്കറ്റെടുത്തു ഞങ്ങൾ മ്യൂസിയത്തിനകത്തേക്ക് കടന്നു. ചുവന്ന പരവതാനി വിരിച്ച മാർബ്ൾ കോണിപ്പടികൾ കയറിച്ചെല്ലുമ്പോൾ സ്വാഗതമോതി സ്റ്റാലിൻ പ്രതിമ നിൽക്കുന്നുണ്ട്. 165 സെൻറിമീറ്റർ ഉയരം മാത്രമുണ്ടായിരുന്ന സ്റ്റാലിന്റെ അളവുകൾ കൃത്യമായാണ് പ്രതിമക്കും ഉള്ളത്. പൊക്കം അധികമില്ലാതിരുന്ന സ്റ്റാലിൻ തന്റെ ശരീര ഘടനകൊണ്ട് ശക്തിയുടെയും അധികാരത്തിന്റെയും പൗരുഷത്തിന്റെയും ആൾരൂപമായി മാറിയെന്നത് ചരിത്രം.

മ്യൂസിയത്തെ മൂന്നു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. 1951ൽ ചരിത്ര മ്യൂസിയമായി തുടങ്ങിയെങ്കിലും പിന്നീട് സ്റ്റാലിന് മാത്രമായി സമർപ്പിച്ച മ്യൂസിയത്തിലെ വിശാല മുറികളിൽ അദ്ദേഹത്തിന്റെ ഓർമകളെ വീതിച്ചുകൊടുത്തിരിക്കുന്നു. കോവണിയുടെ ഇടതുവശത്തുള്ള മുറിയിൽ സ്റ്റാലിൻ ഉപയോഗിച്ച വസ്തുക്കളുടെ പ്രദർശനമാണ്. സ്റ്റാലിൻ എന്ന പദം കേൾക്കുമ്പോൾ ആദ്യം മനസ്സിൽ വരുക കട്ടി മീശയും കടിച്ച പൈപ്പും കാക്കി മിലിട്ടറി യൂനിഫോമുമാണ്. ഈ മുറി, സ്റ്റാലിന്റെ ക്രെംലിൻ ഓഫിസിന്റെ നേർ പരിച്ഛേദമാണ്.

സ്റ്റാലിൻ ഉപയോഗിച്ചിരുന്ന മിലിട്ടറി യൂനിഫോമുകൾ കണ്ണാടിക്കൂട്ടിൽ പ്രദർശിപ്പിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ സന്തത സഹചാരിയായ പൈപ്പ്, സിഗാർ, ആഷ്ട്രേ, വാച്ച്, ചെസ്ബോർഡ്, മകൻ ഉണ്ടാക്കിയ ചെറിയപെട്ടി, ഡയറി, എഴുതിയ കത്തുകൾ തുടങ്ങി അനേകം സ്വകാര്യ വസ്തുക്കൾ കാണാം. അവിടെ ഉണ്ടായിരുന്ന ഗാർഡുമാരിൽ ഒരാൾക്ക് ഇംഗ്ലീഷ് അറിയാം (റഷ്യയിലെ അവസ്ഥയല്ല). അയാൾ പറഞ്ഞത് സ്റ്റാലിൻ മ്യൂസിയം സന്ദർശിക്കാൻ വരുന്നവരിൽ ഭൂരിഭാഗവും ഇറാൻ, ഇസ്രായേൽ, പോളണ്ട് എന്നീ രാജ്യങ്ങളിൽനിന്നാണ്. സ്റ്റാലിനെക്കുറിച്ച് നിങ്ങൾക്കെന്താണ് അഭിപ്രായമെന്ന് ചോദിച്ചപ്പോൾ ഗാർഡ് പരുങ്ങി. സ്റ്റാലിന്റെ സ്വഭാവത്തിലെ പ്രത്യേകതയായി അയാൾ ചൂണ്ടിക്കാട്ടിയത് ഓഫിസ് റൂമിൽ സജ്ജീകരിച്ച വിവിധ തരത്തിലുള്ള കസേരകളും സോഫകളുമാണ്. കാണാൻ വരുന്ന വ്യക്തിയുടെ പദവി അനുസരിച്ചാണ് ഇരിക്കാനുള്ള കസേര നൽകിയിരുന്നതത്രെ. തുല്യത എന്ന കമ്യൂണിസ്റ്റ് സങ്കൽപത്തിന് നേർ വിപരീതം!

അടുത്ത മുറിയിൽ സ്റ്റാലിന്റെ ബാല്യകൗമാര ജീവിതത്തിന്റെ കഥപറയുന്ന ചിത്ര പ്രദർശനമാണ്. ഛായാപടങ്ങൾ, പെയിൻറിങ്ങുകൾ, പത്രവാർത്തകൾ എന്നിങ്ങനെ വലിയ ശേഖരം തന്നെയുണ്ട്. സ്റ്റാലിൻ സ്കൂൾ പഠനത്തിനുശേഷം സെമിനാരിയിൽ ചേർന്നിരുന്നു. അവിടെനിന്നാണ് മാർക്സിസത്തിൽ ആകൃഷ്ടനായതും ബോൾഷെവിക്കുകളുടെ കൂടെ ചേർന്നതും. വിപ്ലവത്തിന് പണം നേടാൻ കണ്ട വഴികൾ ബാങ്ക് കവർച്ചകളും കിഡ്നാപ്പിങ്ങും ഒക്കെ ആയിരുന്നു. ബാലനായിരിക്കുമ്പോൾ തൊട്ട് വളർച്ചയുടെ ഓരോ പടവുകളുടെയും കഥ സന്ദർശകന് ചിത്രങ്ങളിലൂടെ അനുഭവിച്ചറിയാനാകും.

എല്ലാ ചിത്രങ്ങൾക്കിടയിലും ഇംഗ്ലീഷിലും ജോർജിയൻ ഭാഷയിലും വിവരണമുണ്ട്. സാർ ഭരണകൂടത്തിൽനിന്ന് രക്ഷപ്പെട്ട് ഒളിവിൽ കഴിഞ്ഞ കെട്ടിടത്തിൽ മോഡലിൽ കണ്ട കോണിയും കിണറുമൊക്കെ എന്തിനായിരിക്കും എന്ന ചോദ്യഭാവത്തോടെ നോക്കിനിന്നപ്പോൾ ‘സാർ പൊലീസുകാർ വീടുവളഞ്ഞാൽ കിണറിലൂടെ രക്ഷപ്പെടാനുള്ളതാണ്’ എന്ന് മറുപടി കേട്ടപോലെ. കോണിയും കയറുമൊക്കെയെന്ന് ശുദ്ധമായ ഇംഗ്ലീഷിൽ പറയുന്നത് കേട്ട് തിരിഞ്ഞ് നോക്കിയപ്പോൾ പുഞ്ചിരിക്കുന്ന ഒരു സുന്ദരി. ഇറാനിൽനിന്ന് ജോലി തേടി ജോർജിയയിൽ എത്തിയ മോന, ഇപ്പോൾ ഒരു ടൂർ കമ്പനിയിൽ അസിസ്റ്റൻറ് മാനേജർ ആയി ജോലി നോക്കുന്നു. ഇറാനിൽനിന്ന് ഒട്ടേറെ സ്ത്രീകൾ ജോലി തേടി ജോർജിയയിൽ വരാറുണ്ട്. ത്ബിലിസിയിലെ ഒരു ഫ്ലാറ്റിൽ കൂട്ടുകാരുമൊത്ത് താമസിക്കുന്നു.

പണമുണ്ടാക്കുക എന്നതിനോടൊപ്പം സ്വാതന്ത്ര്യവും അനുഭവിക്കുക എന്ന ലക്ഷ്യമാണ് ജോർജിയയിൽ എത്തുന്ന സ്ത്രീകൾക്ക്. പിന്നീട് സ്റ്റാലിൻ മ്യൂസിയത്തിലെ ഞങ്ങളുടെ ഗൈഡ് ഈ ഇറാനിയൻ സുന്ദരിയായിരുന്നു. സ്റ്റാലിൻ ഒളിവിൽ താമസിച്ച വീടിന്റെ പ്രത്യേകത കൗതുകകരമാണ്. പുറത്ത് പൊലീസ് വന്നുവെന്നറിഞ്ഞാൽ കോണിയിലൂടെ താഴെ ഇറങ്ങിയാൽ അതു ചെന്നെത്തുന്നത് തെരുവിലെ മറ്റൊരു വാതിലനടുത്ത്. സ്റ്റാലിൻ ഏഴു പ്രാവശ്യം പൊലീസിനെ കബളിപ്പിച്ചിട്ടുണ്ടെന്നാണ് മോന പറഞ്ഞത്. മ്യൂസിയത്തിലെ രണ്ടാമത്തെ ഹാൾ അധികാരത്തിലേക്കുള്ള സ്റ്റാലിന്റെ ഉയർച്ചയുടെ കഥ പറയുന്നു.

തന്റെ പരുക്കൻ ഇമേജിൽനിന്ന് മാറ്റം വരുത്താനായി എടുത്ത ചിത്രങ്ങൾ ഏറെയും കൊച്ചു കുട്ടികൾക്കൊപ്പമാണ്. വെറും അഞ്ചടി നാലിഞ്ച് ഉയരം മാത്രമാണ് സ്റ്റാലിന്. തന്റെ പൊതു ഇമേജിൽ ഏറെ ശ്രദ്ധാലുവായിരുന്നു. ഉയരക്കൂടുതൽ തോന്നിക്കാൻ പൊക്കമുള്ള ഷൂവാണ് ധരിക്കാറ്. പരേഡുകളിൽ സല്യൂട്ട് സ്വീകരിക്കാൻ ചെറിയ തടി പ്ലാറ്റ് ഫോമിൽ നിൽക്കാറായിരുന്നു പതിവ്. അതുപോലെ, വസ്ത്രധാരണത്തിലും ഏറെ പ്രത്യേകത പുലർത്തിയ ആളായിരുന്നു. അതുകൊണ്ടാവും മറ്റു ലോക നേതാക്കളുടെ പേര് പറയുമ്പോലെയല്ല, സ്റ്റാലിന്റെ പേര് കേൾക്കുമ്പോൾ തന്നെ കട്ടി മീശയും പൈപ്പും മിലിട്ടറി യൂനിഫോമും മനസ്സിലേക്കെത്തുന്നത്.

സ്റ്റാലിന് വിവിധ രാജ്യങ്ങളിൽ നിന്നും ലഭിച്ച പാരിതോഷികങ്ങളും പ്രദർശനത്തിലുണ്ട്. മ്യൂസിയത്തിലെ വിശാലമായ മറ്റൊരു മുറിയിൽ സ്റ്റാലിന്റെയും അദ്ദേഹത്തിന്റെ മാതാവിന്റെയും സ്വകാര്യ ശേഖരത്തിൽ നിന്നുള്ളവയും ഉണ്ട്. മോന പറഞ്ഞത് സ്റ്റാലിന്റെ അമ്മക്ക് ക്രോക്കറി ഏറെ ഇഷ്ടമായിരുന്നു എന്നാണ്. പ്ലേറ്റുകൾ, ടീ സെറ്റുകൾ, ഫ്ലവർവേസുകൾ തുടങ്ങിയവയുടെ വൻ ശേഖരം. ഇന്ത്യയിൽനിന്നുള്ള സമ്മാനങ്ങളായ ചിത്രപ്പണികൾ ചെയ്ത 365 അരിമണികളും കണ്ടു. .

ധൈര്യത്തിന്റെ പ്രതീകമായി ലോകം കണ്ടിരുന്ന സ്റ്റാലിൻ വിമാനയാത്ര ഏറെ ഭയപ്പെട്ടിരുന്നുവത്രെ. യാൾട്ട കോൺഫറൻസിൽ പങ്കെടുക്കാൻ വിമാനത്തിൽ പോകാൻ സ്റ്റാലിന്റെ ഭയം സമ്മതിച്ചില്ല. ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന വിൻസ്റ്റൺ ചർച്ചിലും അമേരിക്കൻ പ്രസിഡൻറായിരുന്ന റൂസ്വെൽറ്റും പങ്കെടുത്ത കോൺഫറൻസിൽ പങ്കെടുക്കാൻ അതീവ രഹസ്യമായി ട്രെയിനിലാണ് സ്റ്റാലിൻ പുറപ്പെട്ടത്. ആ ട്രെയിനിൽ സ്റ്റാലിൻ യാത്ര ചെയ്ത കാരേജ് മ്യൂസിയം വളപ്പിൽ പ്രദർശിപ്പിച്ചിരിക്കുന്നു. 1985ൽ റോസ്റ്റൻ ഡോണിലെ ഒരു റെയിൽവേ വളപ്പിനുള്ളിൽ നിന്ന് വീണ്ടെടുത്തതാണ് ഈ കാരേജ്. പച്ച പെയിൻറടിച്ച കാരേജിനുള്ളിൽ ഒരു ചെറിയ മീറ്റിങ് റൂം കൂടിയുണ്ട്. കാരേജിനു പുറത്ത് യു.എസ്.എസ്.ആർ 3878 എന്ന ചിഹ്നം ബോഗി നമ്പറാവാം.

ഒരു മുറി സ്റ്റാലിന്റെ മരണമുറിയായി സജ്ജീകരിച്ചിരിക്കുന്നു. മരണത്തിന്റെ നിഗൂഢതയെ അനുസ്മരിപ്പിക്കാനായിരിക്കും ഇരുൾ നിറഞ്ഞ് നിൽക്കുന്നത്. ഒരു ചെറിയ ആംഫി തിയറ്റർ പോലെ മുറിയുടെ നടുക്ക് മാത്രം വെളിച്ചം, അവിടെ സ്റ്റാലിന്റെ മരണശേഷം എടുത്ത ഡെത്ത് മാസ്ക് അൾത്താരയിലെന്നപോലെ വെച്ചിരിക്കുന്നു. 1953ൽ സ്റ്റാലിൻ മരിച്ചപ്പോൾ ലെനിന്റെ പോലെ തന്നെ സ്റ്റാലിന്റെ ശരീരവും എംബാം ചെയ്ത് പ്രദർശിപ്പിച്ചു. മരണത്തിലും തന്റെ ഗാംഭീര്യം നിലനിർത്തിയ സ്റ്റാലിൻ എട്ടു വർഷത്തോളം ലെനിന് അടുത്ത് അന്ത്യവിശ്രമം കൊണ്ടു. 1961ൽ ഡിസ്റ്റാലിനൈസേഷൻ നടന്നപ്പോൾ സ്റ്റാലിന്റെ മൃതദേഹം ലെനിന്റെ മ്യൂസിയത്തിൽ നിന്ന് മാറ്റി അടുത്ത് കോൺക്രീറ്റ് കെട്ടി സംസ്കരിച്ചു. ഇനി ഒരിക്കലും അവിടെനിന്ന് മാറ്റരുതെന്ന ഉദ്ദേശ്യത്തോടെ. ചരിത്രത്തോട് നീതിപുലർത്തുന്ന സത്യസന്ധമായ ഒരാവിഷ്കാരം ഇവിടെ നിന്ന് ലഭിക്കില്ലായിരിക്കാം. പക്ഷേ, സ്റ്റാലിൻ എന്ന ലോക നേതാവിനെ കുറച്ചെങ്കിലും അടുത്തറിയാൻ ഈ സന്ദർശനത്തിലൂടെ കഴിയും. ജോർജിയൻ ജനതക്ക് സ്റ്റാലിനെ സ്നേഹിക്കാൻ ഒരു കാരണവുമില്ല. 1921ൽ മാതൃരാജ്യത്തെ കൈവശപ്പെടുത്തിയ, കുറഞ്ഞത് രണ്ടു ലക്ഷം ജോർജിയക്കാരുടെ മരണത്തിന് കാരണക്കാരനായ ഏകാധിപതിയെ അവർ എങ്ങനെ സ്നേഹിക്കും? എങ്കിലും അപൂർവം ചിലർ അദ്ദേഹത്തെ ഹീറോയായി കാണുന്നു. 30 വർഷത്തെ ഭരണത്തിൽ ലക്ഷക്കണക്കിന് ആളുകളെ കൊന്നൊടുക്കിയ ക്രൂരതയെക്കാളും അയാൾ തങ്ങളിൽ ഒരാളായിരുന്നു എന്ന ചിന്ത ചിലരെയെങ്കിലും അഭിമാനഭരിതരാക്കുന്നു.

ഡി സ്റ്റാലിനൈസേഷൻ നടന്നപ്പോൾ ജോർജിയയിൽ എമ്പാടും സ്റ്റാലിന്റെ പ്രതിമകൾ തകർക്കപ്പെടുകയും തെരുവുകൾ പുനർനാമകരണം ചെയ്യപ്പെടുകയും ചെയ്തു. അപ്പോഴും മ്യൂസിയം കേടുപാടുകൾ ഇല്ലാതെ രക്ഷപ്പെട്ടു. സ്റ്റാലിൻ മ്യൂസിയത്തിന് മ്യൂസിയം ഓഫ് സോവിയറ്റ് അഗ്രഷൻ എന്ന പേരിടാൻ ഒരു ശ്രമം നടത്തിയെങ്കിലും ചരിത്രപരമായ പ്രാധാന്യത്തെ മുൻനിർത്തി ആ നീക്കം തടയപ്പെട്ടു. ഗോരിയിൽ ഒരു കമ്യൂണിസ്റ്റിനെ തേടി ഞങ്ങൾ കുറെ അലഞ്ഞെങ്കിലും ആരെയും കിട്ടിയില്ല!

# കത്തുകൾ



## അവർ അവിടെ ദുഃഖിച്ചിരിപ്പുണ്ടാവും!

ഉമ്പായിയെക്കുറിച്ച് ആലങ്കോട് ലീലാകൃഷ്ണന്റെ അനുസ്മരണം വായിച്ചു (വാരാദ്യമാധ്യമം- ലക്കം 1575). ഉപ്പയുടെ കളിക്കൂട്ടുകാരനായിരുന്നു ഉമ്പായിക്ക. റഫിയുടെ ഗാനങ്ങളാണ് രണ്ടു പേരെയും അടുപ്പിച്ച സംഗതി. മട്ടാഞ്ചേരിയുടെ പേര് ഒരു പക്ഷേ ലോകത്തിന്റെ എല്ലായിടങ്ങളിലും എത്തിച്ച അനുഗൃഹീത ഗായകനായിരുന്നു ഉമ്പായി. സുനയനേ സുമുഖീ.... എന്ന് തുടങ്ങുന്ന ഗാനം എത്ര തവണ കേട്ടിട്ടുണ്ടെന്ന് ഓർമയില്ല. ഉമ്പായിക്ക് കൊച്ചിയിൽ ഒരുപാടു ഇഷ്ടക്കാരുണ്ട്. അവരുമായി ചേരുന്ന സായാഹ്നങ്ങൾ അപ്രതീക്ഷിത ഗാനമേളകൾ കൊച്ചിക്കാർക്ക് സമ്മാനിച്ചിരുന്നു. ഇനിയതെല്ലാം ഓർമ. ആലങ്കോട് സാറിന്റെ കുറിപ്പ് മട്ടാഞ്ചേരി - കൊച്ചി കേന്ദ്രീകരിച്ചിട്ടുള്ള ഗസൽ ആരാധകരുടെ ഗ്രൂപ്പുകളിലെല്ലാം സ്കാൻ ചെയ്ത് അയച്ചിട്ടുണ്ട്. മെഹബൂബ് ഭായി, ഉമ്പായി എന്നിവർ ഞങ്ങ കൊച്ചിക്കാരുടെ രഹസ്യ അഹങ്കാരങ്ങളായിരുന്നു. ഈ വിഷാദങ്ങളെല്ലാം കണ്ട് ബായിയും ഉമ്പായിയും അങ്ങ് മേലേ ആകാശത്ത് ദുഃഖിച്ചിരിപ്പുണ്ടാവും

*ദൂർ രഹ്കർ ന കരോ ബാത്*
*ഖരീബ് ആ ജാവോ*

ഹഫീദ് നദ്‌വി, കൊച്ചി

## എഴുത്തും വരയും

ഉമ്പായിയെ മലയാളി എത്രമേൽ നെഞ്ചേറ്റിയിരുന്നു എന്ന് ബോധ്യമായത് അദ്ദേഹത്തിന്റെ വിടവാങ്ങലിന് ശേഷമാണ്. സംഗീതത്തിന്റെ വലിയ ഉയരങ്ങളിലേക്ക് അദ്ദേഹം നടന്നുതീർത്ത വഴികൾ സമാനതകളില്ലാത്തതാണ്. വളരെ ചുരുങ്ങിയ ഭാഷയിൽ അക്കാര്യങ്ങളെല്ലാം തികഞ്ഞ കാവ്യാത്മകതയോടെ അവതരിപ്പിക്കുന്നുണ്ട് ഉമ്പായിയെ കുറിച്ച ഓർമക്കുറിപ്പിൽ ആലങ്കോട് ലീലാകൃഷ്ണൻ. വിവിധ പത്രങ്ങളിലും സമൂഹ മാധ്യമ പ്ലാറ്റ്ഫോമുകളിലും വായിച്ച ഉമ്പായി ഓർമക്കുറിപ്പുകളിൽ ഏറ്റവും മികച്ചത് ഇതാണ്, തീർത്ത് പറയാം. ഉമ്പായി എന്തായിരുന്നു എന്നു പറഞ്ഞുവെക്കുന്നുണ്ട് വിനീത് എസ്. പിള്ളയുടെ വര. നന്ദി.

ഹരിദാസ് പയ്യാനക്കൽ,
കൃപ, നടക്കാവ്

## മരണമില്ലാത്തൊരു ഗസൽ

ആലങ്കോട് ലീലാകൃഷ്ണൻ എഴുതിയ ‘ഉമ്പായി മരണമില്ലാത്തൊരു ഗസൽ’ എന്ന ഓർമക്കുറിപ്പ് വായിച്ചു.

ഗസൽ സംഗീതത്തെ കേരളത്തിൽ ജനപ്രിയമാക്കാൻ ഉമ്പായി വഹിച്ച പങ്ക് ശ്ലാഘനീയമാണ്. ജീവിതത്തിന്റെ വസന്തകാലത്തിന്റെ നല്ലൊരു ഭാഗം ബോംബെയിലെ ചില അധോലോക യാത്രകളിലൂടെ നഷ്ടപ്പെടുത്തിയത് സ്വയം തിരിച്ചറിഞ്ഞ ശേഷം, പിന്നീടങ്ങോട്ട് ഒരു ഫിനിക്സ് പക്ഷിയെപ്പോലെ ഉയിർത്തെഴുന്നേറ്റ്, പ്രശസ്തിയുടെ ഉത്തുംഗശൃംഗത്തിൽ, വേദികളിൽനിന്നും വേദികളിലേക്ക് തന്റെ പ്രയാണം തുടരവേ, പൂവണിയാത്ത ‘ഹിന്ദുസ്ഥാനി സംഗീത ഇൻസ്റ്റിറ്റ്യൂട്ട്’ എന്ന തന്റെ ചിരകാല സ്വപ്നം കൂടി മനസ്സിൽ അവശേഷിപ്പിച്ചുകൊണ്ടാണ് കൊച്ചിക്കാരുടെ സ്വകാര്യ അഹങ്കാരം കൂടിയായിരുന്ന ‘ഉമ്പായിക്ക’യുടെ ചുണ്ടുകൾ നിശ്ചലമായത്. സംഗീതലോകം നിലനിൽക്കുന്നിടത്തോളം ‘മരണമില്ലാത്തൊരു ഗസലായി’ ഗസൽ ചക്രവർത്തി കുടിയിരിക്കുമെന്ന കാര്യത്തിൽ സംശയമേയില്ല!

*“ഉമ്പായി വിടർത്തിയ ഗസൽമാലപ്പൂക്കൾ;*
*അൻപാൽ പുണർന്നീടുമെന്നും കേരള മക്കൾ”*

കെ.എം. അബ്ദുൽ സലീം, എടവനക്കാട്.

## ഈ എഴുത്തൊരു ബഹുമതി

ഒരു പൂ ചോദിച്ച മലയാളിക്ക് ഗസലുകളുടെ പൂക്കാലം സമ്മാനിച്ച് ഉമ്പായി യാത്രയായി. നിലാപ്പൂക്കൾ വിരിയുന്ന രാവുകളിൽ കനവിന്റെ തീരത്ത് പ്രണയമധുരചഷകങ്ങളുമായി ഓർമകളുടെ മഞ്ചലേറി വിരഹത്തിന്റെ വേദനയോടെ പാടുക രാജകുമാരാ പാടൂ...മതേതര- മാനവിക സംഗീതത്തിന്റെ വിശ്വപ്രേമ സാമ്രാജ്യത്തിലെ സുൽത്താനായി ഉമ്പായിയെ വിശേഷിപ്പിച്ച ആലങ്കോടിന്റെ ലേഖനം മരണാനന്തരം അദ്ദേഹത്തിനു ലഭിച്ച ബഹുമതിയായി കരുതുന്നു. ലേഖകനും വാരാദ്യമാധ്യമത്തിനും അഭിനന്ദനങ്ങൾ

മുഹമ്മദലി മോതിരക്കോട്, ചാലിക്കര

## മധുരമീ ഓർമകൾ

‘ഉമ്പായി മരണമില്ലാത്തൊരു ഗസൽ’ എന്ന ആലങ്കോട് ലീലാകൃഷ്ണന്റെ അനുസ്മരണം ശ്രദ്ധേയമായി. ഗസലിന്റെ വഴിയിൽ വേറിട്ടൊരു പാത വെട്ടിയ ഉമ്പായിക്കയുടെ ഓർമകൾക്കുപോലും എന്തൊരു സുഗന്ധമാണ്. അപൂർവം ചിലരൊക്കെ നഷ്ടപ്പെടുമ്പോഴാണ് ജീവിച്ചിരുന്നെങ്കിൽ ഇനിയുമേറെ വസന്തങ്ങൾ ഉണ്ടാകുമായിരുന്നു എന്ന് നാം അറിയാതെ എങ്കിലും പറഞ്ഞ് പോകുന്നത്.

ഇ.പി.എ. ലത്തീഫ് ,
തിരുനാവായ

വാരാദ്യമാധ്യമത്തിലേക്കുള്ള കത്തുകൾ വാട്സ്ആപ് വഴിയും
രചനകൾ ഇ-മെയിലിലൂടെയും അയക്കാം
whatsapp: 9645006105
e-mail: varadyam@madhyamam.in പത്രാധിപർ,
വാരാദ്യമാധ്യമം, വെള്ളിമാട്കുന്ന്. പി.ഒ, കോഴിക്കോട് -12

## പ്രഭാവതിയമ്മയുടെ കരുത്ത്

ലക്കം 1575 വാരാദ്യമാധ്യമത്തിൽ വിഷ്ണുപ്രസാദ് വി.ആർ. എഴുതിയ ഫീച്ചർ ‘കനൽവഴികളിൽ ഏകയായി’ അസ്സലായിട്ടുണ്ട്. അത്ഭുതമാണ് ആ അമ്മയുടെ പോരാട്ടത്തിന്റെ കഥ. ഞാൻ എന്നിലേക്കാണ് നോക്കുന്നത്. എന്റെ അമ്മക്കോ നല്ല പാതിക്കോ എനിക്ക് തന്നെയോ ഇങ്ങനെയൊരു പോരാട്ട വീര്യം ഉണ്ടാകുമോ? എന്റെ ഉടപ്പിറപ്പുകളിൽ ആരെങ്കിലുമാണ് ഇങ്ങനെ ഇരയാക്കപ്പെട്ടതെങ്കിൽ നീതി തേടി ഇത്രകണ്ട് കരുത്തോടെ പോരാടാൻ എനിക്കാവുമായിരുന്നോ?

നോക്കൂ, ഈ ഫീച്ചർ വായിച്ച അതേ ദിവസമാണ് മറ്റൊരു വാർത്ത പത്രത്തിൽ വായിച്ചത്. പ്രമാദമായ ഒരു പീഡനക്കേസിൽ ഇരയാക്കപ്പെട്ട പെൺകുട്ടിയുടെ അമ്മ പ്രതികൾക്ക് അനുകൂലമായി മൊഴിമാറ്റി പറഞ്ഞുവെന്ന്!

രശ്മി സതീഷ്, അമ്പലപ്പാറ റോഡ്
തിരുവിഴാംകുന്ന്

## ഒരമ്മയുടെ വിജയം

വാരാദ്യമാധ്യമത്തിൽ ലക്കം 1575ലെ ‘കനൽ വഴികളിൽ ഏകയായി’ എന്ന ഫീച്ചർ വളരെ നന്നായിരുന്നു. തീർച്ചയായും ഒരു രക്ഷിതാവിന്റെ വേദന മറ്റൊരു രക്ഷിതാവിനു മനസ്സിലാവും. ദൈവം എന്ന ലോക രക്ഷിതാവ് അത് അറിഞ്ഞു. ആ അമ്മയുടെ പ്രാർഥന കേട്ടു. അത് അവിടെ വിജയിച്ചു.

ആസിഫ് അഷി മേപ്പയൂർ

## കവിതയെപ്പറ്റി

കലയുടെ പൂർത്തീകരണത്തിന് തന്റെ സംതൃപ്തമായ ശരീരഭാവങ്ങൾ ഇന്ധനമാക്കിയ ഇസ്ഡോറ ഡങ്കന്റെ കലാകാവ്യ ഭാഷയോട് സാമ്യപ്പെടുത്താവുന്ന ഒരുനല്ല കവിതയാണ് ചുണ്ടക്കൊളുത്തുകൾ (ലക്കം1575). നന്ദി കവയിത്രി ജിൻസി സന്തോഷിനും വാരാദ്യ മാധ്യമത്തിനും.

വി.കെ.എം. കുട്ടി , ഈസ്റ്റ് മലയമ്മ
ആർ.ഇ.സി. കാലിക്കറ്റ്

## കവിത ശിൽപശാല

തനിമ കലാസാഹിത്യ വേദി സംസ്ഥാന കമ്മിറ്റി സെപ്റ്റംബർ 21, 22 തീയതികളിൽ പട്ടാമ്പിയിൽ ‘കവിതയുടെ വാതിൽ’ എന്ന തലക്കെട്ടിൽ സംസ്ഥാനതല കവിത ശിൽപശാല സംഘടിപ്പിക്കുന്നു. 18 വയസ്സിന് മുകളിലുള്ള കവികളെയാണ് ക്യാമ്പിൽ പരിഗണിക്കുക. മലയാളത്തിൽ തയാറാക്കിയ അപേക്ഷയും ബയോഡാറ്റയും സ്വന്തം കവിതയുടെ കോപ്പിയും സഹിതം താഴെ വിലാസത്തിൽ അയക്കുക. കൺവീനർ, കവിത ശിൽപശാല,തനിമ കലാസാഹിത്യ വേദി, പി.ബി നമ്പർ: 833, മാവൂർ റോഡ്, കോഴിക്കോട് 673 004. ഫോൺ 9895437056, 9946227590. ഇ-മെയിൽ thanimakv@gmail.com

## സംസ്ഥാനതല സാഹിത്യ ക്യാമ്പ്

സാഹിതി സംഘടിപ്പിക്കുന്ന പന്ത്രണ്ടാമത് സംസ്ഥാനതല സാഹിത്യ ക്യാമ്പിൽ പങ്കെടുക്കാൻ കോഓഡിനേറ്റർ, സംസ്ഥാനതല സാഹിത്യ ക്യാമ്പ്, പി.ഒ. കാളികാവ്, മലപ്പുറം-676 525 എന്ന വിലാസത്തിലോ 9495 488 032 എന്ന വാട്സ്ആപ് നമ്പറിലോ രചന അയക്കണം. തിരഞ്ഞെടുക്കപ്പെടുന്ന 50 പേർക്കാണ് പ്രവേശനം. അവസാന തീയതി: ആഗസ്റ്റ് 30.

വിവരങ്ങൾക്ക്: 9946 760 036 , 9961 209 677 .

കഥ



# ഉദ്യാനപാലകൻ

ഹമീദ് വടക്കയിൽ

പൂമുഖത്തെ മതിൽ കെട്ടുകൾക്കിടയിലെ മനോഹരമായ ചെടികളും പൂമരങ്ങളും തണൽ വൃക്ഷങ്ങളും പൂക്കളും പൂമ്പാറ്റകളുമായിരുന്നു അയാളുടെ ലോകം! കൊച്ചു ഉപവനത്തിൽ ദാഹം തീർക്കാനും തേൻ നുകരുവാനും ആഹ്ലാദത്തോടെ എത്തുന്ന പറവകളുടെ ഭാഷ അയാൾക്കറിയാമായിരുന്നു. പ്രഭാതത്തിലെ പ്രശാന്തതയിൽ പ്രകൃതിയുടെ അതിഥികളായി വന്നെത്തുന്ന അവരെ പ്രത്യേകം സ്വീകരിച്ചു. ആഹാരം നൽകി യാത്രയയച്ചു.

ഉദ്യാനത്തിന് കാവലായി മുന്നിലും ഇരുവശങ്ങളിലും നെഞ്ചു വിരിച്ച് പുഞ്ചിരിച്ചുനിൽക്കുന്ന മതിലുകളോട് തമാശയായി ഒരു നാൾ അയാൾ പറഞ്ഞു.

എന്റെ പൂന്തോട്ടത്തിന്റെ കാവൽക്കാരാണ് നിങ്ങൾ

ഈ സസ്യ സന്തതികളുടെ വിലപ്പെട്ട ജീവൻ

നിങ്ങളുടെ കരങ്ങളിലാണ്, ചതിക്കരുത്...?

മതിലുകൾ ചിരിച്ചു. പിന്നെ മെല്ലെ പറഞ്ഞു.

ചതിയും വഞ്ചനയുമറിയാത്തവരാണു ഞങ്ങൾ

അവസാന ശ്വാസം വരെ ഇവരുടെ ജീവൻ ഞങ്ങളുടെ കൈയിൽ ഭദ്രമായിരിക്കും

മതി... അതുമതി

പ്രകൃതിയെ നശിപ്പിക്കരുതെന്നുള്ള ഒരൊറ്റ ചിന്തയാണ് വീട് നിലകൊള്ളുന്ന സ്ഥലം ഉയരത്തിലായത്. അത് എന്റെ കുറ്റമാണോ?

മിഥുനത്തിലെ നിറഞ്ഞുപെയ്യുന്ന മഴക്ക് സുൽത്താന്റെ ഭാവം, ഊളിയിട്ട് കടന്നുവരുന്ന കാറ്റിന് പ്രതിഷേധത്തിന്റെ സ്വരം. അയാളുടെ ചിന്താമണ്ഡലത്തിൽ അപ്പോൾ തെളിഞ്ഞുവന്നത് ബേഗൺ വില്ല ചെടികൾ കുശലം പറഞ്ഞു നിൽക്കുന്ന ഇടതു വശത്തെ മതിലിന്റെ പള്ള ഭാഗത്തെ വിള്ളലാണ്. കഴിഞ്ഞ വാരം വീശിയടിച്ച കാറ്റിനു ശേഷമാണല്ലോ അതു ശ്രദ്ധയിൽപ്പെട്ടത്. അപകടങ്ങളൊന്നും വരാതിരിക്കട്ടെയെന്ന പ്രാർഥനയായിരുന്നു ആ ദിവസം മുതൽ. മഴ അവസാനിക്കുന്ന മട്ടില്ല. കാറ്റിന്റെ ശക്തി കൂടുകയാണ്. പട്ടണത്തിൽനിന്നും വീട്ടിലേക്കുള്ള യാത്രക്ക് ദൂരം ഇരട്ടിയായതുപോലെ. മനസ്സിൽ അപ്പോഴും എന്റെ മതിൽക്കെട്ട് വീഴുമോ എന്ന ചിന്തമാത്രമായിരുന്നു.

ഹാവൂ...

ആശ്വാസമായി വീടെത്തിയിരിക്കുന്നു. ഇല്ല, വിചാരിച്ചതുപോലെ ഒന്നും സംഭവിച്ചിട്ടില്ല. ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു ശബ്ദം. പുറത്തേക്കുള്ള വാതിൽ തുറന്ന് അത് വേറെയെന്തോ ആയിരുന്നു. മഴയുടെ ശക്തി കുറഞ്ഞു കാറ്റിന്റെയും, അയാളുടെ ഉള്ളിലും ആകാംക്ഷയും ഭീതിയും കുറഞ്ഞു. ഇനി സമാധാനത്തോടെയൊന്നുറങ്ങാം.

ഉറക്കത്തിലെപ്പഴാണെന്നറിയില്ല മൊബൈൽ ഫോൺ ശബ്ദിക്കുന്നു. അടുത്ത വീട്ടുകാരാണ്. ഉള്ളം ഒന്നു നടുങ്ങി, എന്താണ് ഈ അസമയത്ത്?

ഹലോ?

നിങ്ങളുടെ വീടിന്റെ അടുത്തു നിന്ന് എന്തൊ ഒരു വലിയ ശബ്ദം കേട്ടു...

അയാൾ ജാലകപ്പാളി തുറന്ന് പുറത്തേക്ക് നോക്കി. ഒരു ഭാഗം കൈവരിയും മതിലും വഴിയോരത്ത് വീണു കിടക്കുന്നു ആസമയമായതുകൊണ്ട് യാത്രക്കാരുണ്ടായിരുന്നില്ല. ആർക്കുമൊന്നും സംഭവിച്ചിട്ടില്ലല്ലോ എന്ന് ആശ്വസിച്ച് സമാധാനത്തോടെ ഉറങ്ങി. അതിരാവിലെ തന്നെ മാർഗതടസ്സം നീക്കി ഗതാഗതയോഗ്യമാക്കി. ആളുകൾ വന്നു തുടങ്ങിയിരുന്നു. അവരിൽ പലരുടെയും പല അഭിപ്രായങ്ങളും പുറത്തുവന്നു. നിർമാണ രീതിയിലെ പരിപാലന കുറവാണെന്നും ഉപയോഗിച്ച വസ്തുക്കളുടെ ഗുണനിലവാരമില്ലായ്മയാണെന്നും അതൊന്നുമല്ല ആളുകളുടെ കണ്ണേറാണെന്നുമൊക്കെ പരസ്പരം പറയുന്നതു കേട്ടു.

വല്ലാത്തൊരപകടം...? – ഒരാൾ.

ഇതെന്താണ് എപ്പോഴും നിങ്ങൾക്ക് തന്നെ ഇങ്ങനെ സംഭവിക്കുന്നത്? – മറ്റൊരാൾ.

അതുശരിയാ ഇതു അഞ്ചാമത്തെ തവണയല്ലേ

ഇവരുടെ മതിൽ തകർന്നു വീഴുന്നത്? – വേറൊരാൾ.

അപ്പോൾ അയാളോർക്കുകയായിരുന്നു. ശരിയാണ് ഇത് അഞ്ചാം തവണയാണ് സംഭവിക്കുന്നത്. വന്നവരെയെല്ലാം സമാധാനിപ്പിച്ച് സന്തോഷത്തോടെ പതുക്കെ പറഞ്ഞു.

നിങ്ങളുടെയൊക്കെ അഭിപ്രായങ്ങളെ മാനിച്ചുകൊണ്ട് തന്നെ പറയട്ടെ, ഇതൊരു നിയോഗമാണ് ഈശ്വരനിയോഗം. ഇവിടെ ഉറക്കെ ചിന്തിക്കേണ്ട സമയമാണിത്. നിപ ബാധിച്ച് മരിച്ചവരെയും ഉരുൾപൊട്ടലിൽ ഇല്ലാതായവരെയും കുറിച്ച് നമ്മൾ സ്മരിക്കുമ്പോൾ ഇത് വെറുമൊരു ചെറിയ കാര്യം. വിഷാദം നിഴലിക്കാത്ത അയാളുടെ കണ്ണുകളിലേക്ക് അവർ നാട്ടുകാർ കൗതുകത്തോടെ നോക്കിനിന്നു. ●

കവിത



# വീട്ടുകാരി

ആരിഫ് തണലോട്ട്

വീട്ടുകാര്യങ്ങളെക്കുറിച്ച്
പറയുമ്പോൾ
നിങ്ങൾ അരണയാണെന്ന്
അവളെപ്പോഴും ഒച്ചവെക്കും

പലവ്യഞ്ജനക്കുറിപ്പുകൾ
രാവിലെ കീശയിലിട്ടാൽ
അങ്ങനെയൊന്ന് തന്നിട്ടേയില്ലെന്ന്
രാത്രി ഞാൻ വെറുതെ തർക്കിക്കും
രണ്ടു പേരുടെ സ്കൂൾബസിന്
കാശ് കൊടുത്തില്ലെന്ന്
പിറുപിറുക്കുമ്പോൾ
മിനിഞ്ഞാന്ന് തന്നല്ലോയെന്ന്
നുണ പറയും
ഓർമകൾ ചിക്കിച്ചിനക്കി
ഡയറിത്താളുകളുമായി
ഇല്ലായെന്ന് സാക്ഷ്യംപറഞ്ഞാലും
വിട്ടുകൊടുക്കാറില്ല!

പാൽ, പത്രം, മീൻ
അങ്ങനെയെല്ലാത്തിനും
ചുമ്മാ അവധി പറഞ്ഞ് നീട്ടും,
അപ്പോളെല്ലാമെനിക്ക് ഓന്തിന്റെ
കൗശലമാണെന്ന്
അവളറിയാതെ പറഞ്ഞുപോവും

എനിക്ക് അരണയെപ്പോലെ
മറക്കാനും
ഓന്തിനെപ്പോലെ
നിറം മാറാനും
വല്ലാത്ത കഴിവാണ്
അവൾക്കെപ്പോഴും
ഞാനും കുട്ടികളുമെന്ന
ദുഷിച്ച ഓർമയും
വീട്ടുകാരിയെന്ന അഹംഭാവവും ! ●

വായന

കുട്ടയും മുറവും വിറ്റുനടന്നിരുന്ന മലപ്പുറം ജില്ലയിലെ എടവണ്ണപ്പാറ സ്വദേശി കോറോത്ത് അലി എന്ന സാധാരണക്കാരന്റെ മകൻ സ്വപ്നതുല്യമായ സിവിൽ സർവിസിന്റെ കവാടങ്ങൾ തുറന്ന കഥ വിസ്മയാവഹമാണ്. സംശയത്തിന്റെ നിഴലിൽ മുന്നോട്ടുപോകുന്ന അനാഥശാലകൾക്കും ശബ്ദം നേർത്തുപോയ പാവങ്ങൾക്കും നേരെ മുഹമ്മദ് അലി ശിഹാബ് എന്ന ഐ.എ.എസുകാരൻ നീട്ടുന്ന ആശ്വാസത്തിന്റെയും പ്രതീക്ഷയുടെയും 'വിരലറ്റം' ആകുന്നു എന്നതാണ് ഈ പുസ്തകത്തിന്റെ വിജയം

# പ്രതീക്ഷകളിലേക്ക് നീട്ടുന്ന വിരലറ്റം

പി. മുഹമ്മദ് ബാബു

മികവുറ്റ ഒരു സാമൂഹിക നരവംശശാസ്ത്രജ്ഞനെപ്പോലെ സൂക്ഷ്മനിരീക്ഷണത്തിന്റെ പുതിയ പാഠങ്ങൾ തീർക്കാൻ മുഹമ്മദ് അലി ശിഹാബ് എന്ന യുവ ഐ.എ.എസ് ഉദ്യോഗസ്ഥന് കഴിഞ്ഞിരിക്കുന്നു. അതിന്റെ തെളിവാണ് അടുത്ത് പുറത്തിറങ്ങിയ അദ്ദേഹത്തിന്റെ ആത്മകഥ 'വിരലറ്റം'.

വായിച്ചി എന്ന് സ്നേഹത്തോടെ വിളിക്കുന്ന പിതാവിന്റെ വിരലറ്റം സാമൂഹിക നൈരന്തര്യത്തിന്റെ വ്യത്യസ്ത തലങ്ങളെ തിരിച്ചറിയാൻ ശിഹാബിന് തുണയായി. എല്ലായിപ്പോഴും പിതാവിനോട് ചേർന്നുനിൽക്കുന്ന പുത്ര മനസ്സിന്റെ വ്യത്യസ്ത ഭാവങ്ങൾ വിസ്മയകരമാംവിധം ഈ പുസ്തകത്തിൽ വരച്ചുകാട്ടിയിട്ടുണ്ട്. പിതാവെന്ന പ്രകാശം 11ാം വയസ്സിൽ നിലക്കുമ്പോൾ അനുഭവിക്കുന്ന ഒറ്റപ്പെടൽ, അനാഥത്വം എന്നിവയെല്ലാം വരച്ചുകാട്ടിയ 'വിരലറ്റം' വായനക്കാരന്റെ മനസ്സിൽ വൈകാരികതയുടെ പുതിയ മാനങ്ങൾ സൃഷ്ടിച്ചാണ് കടന്നുപോകുന്നത്. പിതാവിനെ ഖബറടക്കി തിരിച്ചു നടക്കുന്ന 11കാരന്റെ മനസ്സിന്റെ നീറ്റൽ വായനക്കാരനിലേക്ക് പടർത്താൻ എഴുത്തുകാരന് അനായാസം സാധിച്ചിട്ടുണ്ട്.


അംഗൻവാടിയിൽ പോവാൻ മടിച്ചവൻ, സ്കൂളിൽനിന്ന് കണ്ണ് വെട്ടിച്ച് പിതാവിന്റെ പെട്ടിക്കടയിലെ കച്ചവടക്കാരനാവാൻ ആഗ്രഹിച്ച് നടന്നവൻ അനാഥാലയത്തിലെത്തുന്ന അത്ഭുതം അനുവാചകനെ വൈകാരികത്വത്തിന്റെ പുതിയ ലോകത്തേക്കാണ് കൂട്ടിക്കൊണ്ട് പോകുന്നത്. ബാപ്പ നഷ്ടപ്പെട്ടതിനെക്കാൾ വലുതല്ല തന്റെ അനാഥാലയ പ്രവേശനം എന്നാണ് ശിഹാബ് ഇതിനെ വിശേഷിപ്പിക്കുന്നത്.

അനാഥത്വത്തിന്റെ തീവ്രത വിളിച്ചുപറയാൻ ഇതിനെക്കാൾ വലിയ പദപ്രയോഗത്തിന്റെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. അനാഥാലയത്തിലെ ആദ്യ രാത്രിയുടെ ഒറ്റപ്പെടലിന്റെയും ഗൃഹാതുരത്വത്തിന്റെയും നിസ്സഹായതയിലൂടെ കടന്നുപോകുമ്പോൾ മനസ്സ് പിടക്കാതിരിക്കില്ല. മുക്കം മുസ്ലിം ഓർഫനേജിന്റെ പുതിയ ഊടുവഴികൾ, പുതിയ ആകാശം, സഞ്ചാരപഥങ്ങൾ എല്ലാം മനോഹരമായി പുസ്തകം വരച്ചുകാട്ടിയിരിക്കുന്നു. മറ്റു കുട്ടികൾ കിടന്നുറങ്ങുമ്പോൾ വസ്ത്രം ഉണക്കാൻ വലിച്ചുകെട്ടിയ കയറിൽ തുണിയിട്ട് സ്വകാര്യ പഠനമുറിയുണ്ടാക്കിയ ശിഹാബിന്റെ പഠനാവേശം പ്രചോദനത്തിന്റെ ഉത്തുംഗതയിലേക്ക് ഓരോ വിദ്യാർഥിയെയും കൈപിടിച്ച് നടത്താൻ പര്യാപ്തമാണ്.

വായിച്ചിയും ഉമ്മയും കുഞ്ഞാനും കുഞ്ഞാളും മിനിയും കുഞ്ഞാക്കയും എല്ലാം നമ്മുടെ ഹൃദയഭാഷയുടെ ഭാഗമാവുന്നു. ജീവിതം വെട്ടിപ്പിടിച്ചവന്റെ അഹങ്കാര പ്രദർശനത്തിനല്ല മറിച്ച് ഇതുവരെ നടന്നു തീർത്തതിന്റെ ഉയർച്ച താഴ്ചകൾ അനാവരണം ചെയ്യാൻ മാത്രമാണ് 'വിരലറ്റം' ശ്രമിക്കുന്നത്.

തീക്ഷ്ണ ജീവിതത്തിൽനിന്ന് ചീന്തിയെടുത്ത ഇത്തരം അനുഭവങ്ങൾ ഏതൊരു വായനക്കാരനെയും പ്രചോദിപ്പിക്കുകയും പ്രത്യാശാഭരിതനാക്കുകയും ചെയ്യും. കുട്ടയും മുറവും വിറ്റ് നടന്നിരുന്ന മലപ്പുറം ജില്ലയിലെ എടവണ്ണപ്പാറ സ്വദേശി കോറോത്ത് അലി എന്ന സാധാരണക്കാരന്റെ മകൻ സ്വപ്നതുല്യമായ സിവിൽ സർവിസിന്റെ കവാടങ്ങൾ തുറന്ന കഥ വിസ്മയാവഹമാണ്.

ഏത് പ്രക്ഷുബ്ധ ജീവിതസാഗരവും നീന്തിക്കടക്കാൻ അനാഥാലയ വാസം പര്യാപ്തമാണെന്ന് ശിഹാബ് ചൂണ്ടിക്കാണിക്കുന്നു. സംശയത്തിന്റെ നിഴലിൽ മുന്നോട്ടുപോകുന്ന അനാഥശാലകൾക്കും ശബ്ദം നേർത്തുപോയ പാവങ്ങൾക്കും നേരെ മുഹമ്മദ് അലി ശിഹാബ് എന്ന ഐ.എ.എസുകാരൻ നീട്ടുന്ന ആശ്വാസത്തിന്റെയും പ്രതീക്ഷയുടെയും 'വിരലറ്റം' ആകുന്നു എന്നതാണ് ഈ പുസ്തകത്തിന്റെ വിജയം. എൻ.എസ്. മാധവനാണ് അവതാരിക എഴുതിയത്. ●



വിരലറ്റം (ആത്മകഥ)
മുഹമ്മദ് അലി ശിഹാബ് ഐ.എ.എസ്
പേജ്: 180 വില: 175.00
ഡി.സി ബുക്സ്

പുസ്തകം




**മീശ (നോവൽ)**
എസ്. ഹരീഷ്
പേജ്: 328 വില: 299.00
ഡി.സി ബുക്സ്

ഹിന്ദുത്വവാദികളുടെ സൈബർ ആക്രമണം കാരണം പിൻവലിക്കേണ്ടി വന്ന നോവലിന്റെ പൂർണ രൂപം. ജാതിയും സവർണതയും ദലിതത്വവും തമ്മിലുള്ള സംഘർഷങ്ങളുടെ വർത്തമാനം പറയുന്നു ഈ നോവൽ.



**ശ്രീകൃഷ്ണൻ**
വി.ആർ. സുധീഷ്
പേജ്: 95 വില: 120
മാതൃഭൂമി ബുക്സ്

എഴുത്തിന്റെ നാൽപതാം വർഷത്തിൽ എത്തിനിൽക്കുന്ന കഥാകാരന്റെ ഏറ്റവും പുതിയ കഥാസമാഹാരം. ജീവിതത്തെ ഏറ്റവും മനോഹരമായി പകർത്തുന്ന 11 കഥകൾ.



**മാലിനീ വിധമായ ജീവിതം**
സുസ്മേഷ് ചന്ത്രോത്ത്
പേജ്: 24, വില: 180.00
മാതൃഭൂമി ബുക്സ്

ഓരോരോ കാരണങ്ങളാൽ വ്യത്യസ്തരും എന്നാൽ കരുത്തുറ്റവരുമായ സ്ത്രീകളാണ് ഈ സമാഹാരത്തിലെ 11 കഥകൾക്കും പൂർണത നൽകുന്നത്.



**'ഗോ'സ് ഓൺ കൺട്രി**
നവീൻ എസ്.
പേജ്: 96, വില: 110.00
കൈരളി ബുക്സ്

വർത്തമാനകാല ജീവിതത്തിലെ നേർക്കാഴ്ചകളാണ് കഥാകാരൻ കഥകളായി വായനക്കാർക്ക് മുന്നിലെത്തിക്കുന്നത്. നേരിൽ കണ്ട ജീവിതങ്ങളോട് അസാധാരണ സാമ്യത തോന്നിക്കുന്ന കഥകൾ.




**മുണ്ടൂരിൽ നിന്നും തിരിയുന്ന വളവുകൾ**
രാജേഷ് മേനോൻ
പേജ്: 66, വില: 70.00
ഹരിതം ബുക്സ്

കൃത്യമായ രാഷ്ട്രീയം ഉള്ളടക്കം ചെയ്തിരിക്കുന്നു ഈ കഥകളിൽ. കഥയെ ജീവിതത്തിൽനിന്ന് വേർപെടുത്താനാവില്ലെന്ന് ഉറക്കെ പറയുന്നു ഇതിലെ ഓരോ അക്ഷരങ്ങളും.



**മാർക്സ് @ 200 സമൂഹം സംസ്കാരം ചരിത്രം (പഠനം)**
സമ്പാദനം, പഠനം: രാജേഷ് കെ. എരുമേലി, രാജേഷ് ചിറപ്പാട്
പേജ്: 430 വില: 250.00
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

കാൾ മാർക്സ് ജനിച്ചിട്ട് 200 വർഷം തികയുന്ന വേളയിൽ മാർക്സ് ലോകത്തിന് നൽകിയ സംഭാവനകൾ പ്രതിപാദിക്കുന്ന പഠനങ്ങളുടെ സമാഹാരം.



**കേരളത്തിലെ നവോത്ഥാന സമരങ്ങൾ (ചരിത്രം)**
ഡോ. ആർ. രാധാകൃഷ്ണൻ
പേജ്: 196, വില: 185.00
മാളുബൻ പബ്ലിക്കേഷൻസ്

കേരള സംസ്കാരത്തിന്റെ വീണ്ടെടുപ്പിനും മനുഷ്യജീവിതത്തിന്റെ നന്മക്കും ഇടയാക്കിയ സമരങ്ങളുടെ ചരിത്രം പറയുന്ന കൃതി.



**ആദ്യ പ്രേമം**
ഇവാൻ തുർഗനേവ്
വിവ: ഓമന
പേജ്: 96, വില: 90.00
മാതൃഭൂമി ബുക്സ്

റഷ്യൻ സാഹിത്യത്തിലെ അതിപ്രശസ്ത കൃതിയുടെ മലയാള വിവർത്തനം. മനുഷ്യജീവിതത്തിന്റെ സംഘർഷഭരിതമായ അവസ്ഥയെ അതി തീവ്രഭാഷയിൽ അവതരിപ്പിക്കുന്നു.



# മുടിയേറ്റിൻെറ രൗദ്രഭാവങ്ങൾ...

**നൃത്തവും ഭാവവും സംഗീതവും അഭിനയവും ഒത്തുചേരുന്ന ഒരു വ്യത്യസ്ത കലാരൂപമാണ് മുടിയേറ്റ്. തലയിൽ കിരീടമണിഞ്ഞ് ദേവിയെ സ്തുതിച്ച് ഉടവാളും കൈയിലേന്തി ഉഗ്രകോപത്താൽ ഉറഞ്ഞുതുള്ളുന്ന കാളി. കാളിയുടെ പോർവിളി ശബ്ദം മാത്രം മുഴങ്ങിക്കേൾക്കുന്നു. മുതിർന്നവർ ഭയഭക്തി ബഹുമാനത്തോടെ നിൽക്കുമ്പോൾ കുട്ടികളുടെ കണ്ണുകളിൽ തെല്ല് ഭയവും കൗതുകവും**

ഫീച്ചർ

അനിത എസ്.

കൂരിരിട്ടുനിറഞ്ഞ അന്തരീക്ഷത്തിൽ തീപ്പന്തത്തിൻ വെളിച്ചത്തിൽ ചുവന്ന പട്ടുചുറ്റിയ കാളീരൂപം. തലയിൽ കിരീടമണിഞ്ഞ് ദേവിയെ സ്തുതിച്ച് ഉടവാളും കൈയിലേന്തി ഉഗ്രകോപത്താൽ ഉറഞ്ഞുതുള്ളുന്ന കാളി. കാളിയുടെ പോർവിളി ശബ്ദം മാത്രം മുഴങ്ങിക്കേൾക്കുന്നു. മുതിർന്നവർ ഭയഭക്തി ബഹുമാനത്തോടെ നിൽക്കുമ്പോൾ കുട്ടികളുടെ കണ്ണുകളിൽ തെല്ല് ഭയവും കൗതുകവും. ഏതു പ്രായക്കാരെയും ഉന്മാദത്തിലെത്തിക്കുന്നതാണ് ഈ കലാരൂപം. തെക്കൻ കേരളത്തിൽ പടയണിയും വടക്കൻ കേരളത്തിൽ തെയ്യവും നിറഞ്ഞാടുമ്പോൾ മധ്യകേരളത്തിൽ പ്രത്യേകിച്ച് എറണാകുളത്തുകാരുടെ പാരമ്പര്യ സ്വത്താണ് മുടിയേറ്റ്.

2010 ഡിസംബറിൽ മുടിയേറ്റ് യുനസ്കോയുടെ പൈതൃക കലകളുടെ പട്ടികയിൽ ഇടംനേടി. ജനകീയ കലയായി മാറിയ മുടിയേറ്റ് ഇന്ന് അവതരിപ്പിക്കാൻ വിരലിലെണ്ണാവുന്ന കലാകാരന്മാർ മാത്രമാണുള്ളത്. അതിലൊരാളാണ് പെരുമ്പാവൂർ കീഴില്ലം സ്വദേശിയായ ഉണ്ണികൃഷ്ണൻ മാരാർ.



ഉണ്ണികൃഷ്ണൻ മാരാർ

ഏറ്റവും കൂടുതൽ മുടിയേറ്റ് വഴിപാടായി നടത്തിവരുന്ന ഏക ക്ഷേത്രമായ കോട്ടയം ഏറ്റുമാനൂരിലെ ശ്രീ മൂഴിക്കുളങ്ങര ഭഗവതി ക്ഷേത്രത്തിൽ ശങ്കരൻകുട്ടിമാരാർ സ്മാരക മുടിയേറ്റ് സംഘം കീഴില്ലം ആണ് വർഷങ്ങളായി മുടിയേറ്റ് നടത്തിപ്പോരുന്നത്. സംഘത്തിൻെറ അമരക്കാരനാണ് ഉണ്ണികൃഷ്ണൻ മാരാർ. 2016 ലെ കേരള സംഗീത നാടക അക്കാദമി അവാർഡ് ജേതാവുകൂടിയായ ഇദ്ദേഹം പത്താം വയസ്സിലാണ് മുടിയേറ്റ് രംഗത്തേക്ക് കടന്നുവന്നത്. കാലാനുസൃത മാറ്റങ്ങളെ ഉൾക്കൊണ്ട് ഏതു സാധാരണക്കാരനും അനുഭവവേദ്യമാകും വിധം പരിഷ്കരിച്ച് മുടിയേറ്റിൽ തൻേറതായ ശൈലി രൂപപ്പെടുത്തിയെടുക്കുകയാണ് ഇദ്ദേഹം.

പാരമ്പര്യമായി മുടിയേറ്റിനെ നെഞ്ചിലേറ്റിയത് അങ്കമാലിക്കടുത്ത് കൊരട്ടി, മൂവാറ്റുപുഴക്കടുത്ത് പാഴൂർ, പെരുമ്പാവൂരിലെ കീഴില്ലം എന്നീ ഗ്രാമങ്ങളാണ്. നൃത്തവും ഭാവവും സംഗീതവും അഭിനയവും ഒത്തുചേരുന്ന മുടിയേറ്റിനെ മറ്റു കലകളിൽനിന്ന് വ്യത്യസ്തമാക്കുന്നത് അവയുടെ അവതരണരീതിയാണ്.

## ഇതിവൃത്തമായി ദാരികാവധം

അനുഷ്ഠാന നാടോടി നാടകമാണ് മുടിയേറ്റ്. ദാരികാവധം കഥയാണ് ഇതിവൃത്തം. ഇവ അവതരിപ്പിക്കുന്ന രീതി ഒരോ സംഘത്തിനും വ്യത്യസ്തമായിരിക്കും. ശിവൻ, നാരദൻ, ദാരികൻ, കാളി, കൂളി, കോയിമ്പട നായർ, ദാനവേന്ദ്രൻ എന്നിങ്ങനെ ഏഴു കഥാപാത്രങ്ങളാണ് മുടിയേറ്റിനുള്ളത്. ചുരുങ്ങിയത് 13 പേരെങ്കിലും ആവശ്യമാണ്. കുറുപ്പ്, മാരാർ വിഭാഗത്തിൽ പെട്ടവരാണ് മുടിയേറ്റ് അവതരിപ്പിക്കാറ്. കളമെഴുത്ത്, തിരിച്ചുഴിച്ചിൽ, താലപ്പൊലി, പ്രതിഷ്ഠാപൂജ, കളം മായ്ക്കൽ എന്നിവയാണ് പ്രധാന ചടങ്ങുകൾ. അരങ്ങുകേളി, അരങ്ങുവാഴ്ത്തൽ, ദാരികൻെറയും കാളിയുടെയും പുറപ്പാട്, കാളി-ദാരികയുദ്ധം എന്നീ ഘട്ടങ്ങളാണ് മുടിയേറ്റിലുള്ളത്.

പുരുഷന്മാരാൽ വധിക്കപ്പെടരുതെന്ന വരംവാങ്ങിയ ദാരികൻ, ശിവനിൽനിന്ന് ജനിച്ച കാളിയാൽ വധിക്കപ്പെടുന്നതാണ് കഥ.

ദാരികനെയും ദാനവേന്ദ്രനെയും കൊണ്ട് ദേവന്മാർക്കും മനുഷ്യർക്കുമുള്ള ബുദ്ധിമുട്ടുകൾ നാരദൻ ശിവനെ അറിയിക്കുന്നതോടെയാണ് മുടിയേറ്റ് ആരംഭിക്കുക. ദാരികൻ പുറപ്പാടിനും കാളീ പുറപ്പാടിനും ശേഷം കോയിമ്പട നായർ അരങ്ങത്തെത്തുന്നു. അതിനുശേഷം കൂളി പുറപ്പാടാണ്. ഹാസ്യകഥാപാത്രമായ കൂളി മക്കളെ മുലയൂട്ടിയും ചിരിപ്പിച്ചും രംഗം മനോഹരമാക്കുന്നു.

തുടർന്ന് കാളിയും കൂളിയും ദാരിക-ദാനവേന്ദ്രന്മാരുമായുള്ള യുദ്ധമാണ്. രാത്രിയിൽ മായായുദ്ധം ചെയ്യാൻ കഴിവുള്ള ദാരിക-ദാനവേന്ദ്രന്മാർ യുദ്ധം ചെയ്യാനുള്ള തയാറെടുപ്പിൽ പാതാളത്തിൽ അഭയം പ്രാപിക്കുന്നു. എന്നാൽ, ഭദ്രകാളി നീണ്ടുചുരുണ്ട മുടി അഴിച്ചിട്ടു സൂര്യനെ മറച്ച് ഇരുട്ടാക്കുന്നു. രാത്രിയായെന്നു കരുതി മായായുദ്ധത്തിന് ഇറങ്ങിയ ദാരിക-ദാനവേന്ദ്രന്മാരെ ഇരുട്ടുമാറ്റി കാളി വധിക്കുന്നതാണ് മുടിയേറ്റ്. ഏകദേശം അഞ്ചുമണിക്കൂർ കൊണ്ടാണ് മുടിയേറ്റ് അവതരിപ്പിക്കുക. ഭദ്രകാളീയാമത്തിൽ അതായത് രാത്രി 11.30 മുതൽ പുലർച്ച 3.30 വരെയാണ് അവതരിപ്പിക്കാനുള്ള സമയം.

## ചെണ്ടയുടെ അകമ്പടി താളത്തിൽ

ചെണ്ടയും ഇലത്താളവുമാണ് മുടിയേറ്റിന് അകമ്പടിയാകുന്ന പ്രധാന വാദ്യങ്ങൾ. കൂടാതെ വീക്കുചെണ്ട, ചേങ്ങല എന്നിവയും ഉപയോഗിക്കുന്നു. സോപാനശൈലി രാഗങ്ങളിലുള്ള പാട്ടാണ് മുടിയേറ്റിനുപയോഗിക്കുന്നത്. തമിഴും മലയാളവും കലർന്ന പ്രാചീന സാഹിത്യത്തിൽ രചിക്കപ്പെട്ട ഭദ്രകാളി തോറ്റങ്ങളാണ് രംഗഭാഷയായി ഉപയോഗപ്പെടുത്തുന്നത്. കഥാപാത്രങ്ങൾക്ക് മുഖത്ത് ചമയവും കിരീടവും ഉടുത്തുകെട്ടും ഉണ്ട്. അരിമാവും ചുണ്ണാമ്പും ചേർത്ത് കാളിയുടെ മുഖത്ത് ചുട്ടികുത്തുന്നു. മരമോ ലോഹമോ കൊണ്ട് ഉണ്ടാക്കിയ വലിയ കിരീടം (മുടി) കാളി തലയിൽ അണിയുന്നു. മുടിയേറ്റ് എന്ന് പേരുണ്ടാകാനുള്ള കാരണം ഒരുപക്ഷേ ഇതായിരിക്കാം.

## കൂടെ നടന്ന് പഠിച്ച കല

മുത്തച്ഛൻ അച്യുതമാരാരുടെയും അച്ഛൻ ശങ്കരൻകുട്ടി മാരാരുടെയും ശിഷ്യനായാണ് ഉണ്ണികൃഷ്ണൻ അരങ്ങത്തെത്തിയത്. മുടിയേറ്റ് കൂടെ നടന്ന് പഠിക്കണമെന്ന തത്ത്വത്തെ അക്ഷരാർഥത്തിൽ പ്രാവർത്തികമാക്കുകയായിരുന്നു അദ്ദേഹം. 15ാം വയസ്സിൽ അദ്ദേഹം ദാരികൻ പുറപ്പാട് ഇരിങ്ങൾ പുതുശ്ശേരിക്കാവിൽ അവതരിപ്പിച്ച് മുടിയേറ്റിലേക്കുള്ള രംഗപ്രവേശനം നടത്തി. 1993 ഏപ്രിൽ 13ന് കോട്ടയം കാട്ടാമ്പാക്കു ഭഗവതിക്ഷേത്രത്തിൽവെച്ച് കാളിയുടെ മുടി ഏറ്റി. 1200 ലധികം കാളീവേഷങ്ങൾ കെട്ടിയാടിയ കലാകാരനെന്ന അപൂർവ നേട്ടവും ഉണ്ണികൃഷ്ണൻ സ്വന്തമാക്കി.

## അറിവ് അരങ്ങത്തുനിന്ന്

കഥകളി, നാടകം എന്നിവപോലെ മുടിയേറ്റ് പഠിപ്പിക്കാൻ പ്രത്യേക സ്ഥാപനങ്ങൾ ഒന്നുംതന്നെയില്ല. കുട്ടികൾ സ്വയം കലാകാരന്മാർക്കൊപ്പം ചേർന്ന് പഠിച്ചെടുക്കുന്നു. ആദ്യം അവരെ പഠിപ്പിക്കുക ചെണ്ടകൊട്ടാണ്. അതിലൂടെ അവർക്ക് താളം കൈവരുന്നു. അരങ്ങത്തുവെച്ചുതന്നെ കുട്ടികൾ അറിവ് നേടുകയും സംശയങ്ങൾ പിന്നീട് പറഞ്ഞുനൽകുകയും ചെയ്യും. പറഞ്ഞുപഠിപ്പിക്കേണ്ടതല്ല മുടിയേറ്റ്. മനോധർമവും ആഗ്രഹവും വേണ്ടുവോളമുണ്ടെങ്കിൽ മാത്രമേ മുടിയേറ്റ് പഠിക്കാൻ സാധിക്കൂ.

നവംബർ മുതൽ മേയ് ആദ്യം വരെയാണ് മുടിയേറ്റ് ക്ഷേത്രങ്ങളിൽ അവതരിപ്പിച്ചുവരാറ്. തുറന്ന മൈതാനങ്ങളിലും ക്ഷേത്ര പറമ്പുകളിലുമാണ് ഇവ അവതരിപ്പിക്കുക. ജനങ്ങൾക്കിടയിലേക്ക് ഇറങ്ങിച്ചെന്ന് അവതരിപ്പിച്ചാൽ മാത്രമേ മുടിയേറ്റ് ആസ്വാദ്യകരമാകൂ.

മുദ്രയും ഭാവവും ഇഴുകിച്ചേർത്ത് കഥപറയുന്നതിൽ മികവു പുലർത്തുന്ന മാരാർ, ആസ്വാദകന് മനസ്സിലാകുന്ന മുദ്രകൾ ഉപയോഗിക്കണമെന്നും പറയുന്നു. കഥകളിയിൽ ചിട്ടപ്പെടുത്തിയ മുദ്രകളിലൂടെ കഥപറയുമ്പോൾ മുടിയേറ്റിന് സാധാരണക്കാരന് മനസ്സിലാകുന്ന രീതിയിലുള്ള മുദ്രകളാണ് ഉപയോഗിക്കുന്നത്. ഭാവം അതിനോട് ഇഴകിച്ചേരണമെന്നും മാരാർ പറയുന്നു. മുടിയേറ്റിന് പുറമേ ചെണ്ടവാദ്യം, തായമ്പക, ചെണ്ടമേളം എന്നിവയും തീയാട്ടും മാരാർ പഠിച്ചിട്ടുണ്ട്.

മുടിയേറ്റിന് ശേഷമുള്ള കലയാണ് തീയാട്ട്. ദാരികാവധത്തിന് ശേഷം കൈലാസത്തിലെത്തുന്ന കാളി ശിവനോട് മുദ്രകളിലൂടെ ദാരികനെ വധിച്ചകാര്യം പറയുന്നതാണ് തീയാട്ട്. ഏകദേശം ഒരു മണിക്കൂർ ദൈർഘ്യമേ തീയാട്ടിനുള്ളൂ.

നാടൻ കലകളെപ്പറ്റി മാരാർ തയാറാക്കിയ പുസ്തകമാണ് ‘നാമാവശേഷമാകുന്ന നാടൻ കലകൾ’ എന്നത്. ഇപ്പോൾ മുടിയേറ്റിനെക്കുറിച്ചുള്ള പുസ്തകത്തിൻെറ രചനയിലാണ്. മുടിയേറ്റിൻെറ ഓരോ ചടങ്ങുകൾക്കും നമ്മൾ ഉദ്ദേശിക്കാത്ത ഓരോ അർഥതലങ്ങൾ ഉണ്ടെന്ന് വിശദീകരിക്കാൻ മാരാർ പുതിയ പുസ്തകത്തിലൂടെ തയാറാകുന്നുണ്ട്. അതിനുദാഹരണമാണ് കൂളിയുടെ കഥാപാത്രം. നാടോടി നാടകമായ മുടിയേറ്റിൽ കലാകാരൻേറതായ രംഗം ആവിഷ്കരിച്ചെടുക്കേണ്ടത് അവൻെറ ഉത്തരവാദിത്തമാണ്.

കൂളി എന്ന കഥാപാത്രത്തിന് മുടിയേറ്റിൻെറ കഥയിൽ കാര്യമായ പ്രസക്തിയില്ല. എന്നാൽ, കൂളിക്കായി ഒരു രംഗം ഒരുക്കിയത് എന്തിനാണെന്ന് ആരും ചിന്തിച്ചുനോക്കിയിട്ടുണ്ടാകില്ല. കൂളിയുടെ വരവിനുശേഷം യുദ്ധരംഗമാണ് അവതരിപ്പിക്കേണ്ടത്. യുദ്ധരംഗം അവതരിപ്പിക്കാൻ മൈതാനം മുഴുവൻ ആവശ്യമായിവരും. രാത്രി 2.30 നോട് അടുക്കുന്ന സമയമാകും അത്. കുട്ടികളും വയോധികരുമെല്ലാം ഉറക്കത്തിലേക്ക് വഴുതി വീണിരിക്കും. ഈ സമയത്താണ് കൂളിയുടെ രംഗപ്രവേശം. കൂളി വരുന്നതോടെ ആർപ്പുവിളികളും താളവും മുറുകും. എല്ലാവരും ഉറക്കത്തിൽനിന്ന് എഴുന്നേൽക്കും. കുട്ടികൾ കൂളി എടുക്കുമെന്ന് പേടിച്ച് ഓടിമാറും. ഉറങ്ങുന്ന കുട്ടികളെ കൂളി എഴുന്നേൽപിക്കും. കൂളിയുടെ മക്കളായാണ് പ്രേക്ഷകനെ കണക്കാക്കുക. ഇതോടെ യുദ്ധരംഗം അവതരിപ്പിക്കാനുള്ള വേദി തയാറാകും. ഇത്തരത്തിൽ മുടിയേറ്റിനെ വിവിധ തലങ്ങളിൽ നോക്കിക്കാണാൻ മാരാർ പുസ്തകത്തിലൂടെ തയാറാകുന്നു.

മുടിയേറ്റിനും അദ്ദേഹത്തിൻെറ സമർപ്പണത്തിനുമുള്ള അംഗീകാരമായി കേന്ദ്രമാനവ വിഭവശേഷി വകുപ്പിൻെറ 2002ലെ ജൂനിയർ ഫെലോഷിപ് അദ്ദേഹത്തിന് ലഭിച്ചു.

തുടർന്ന് 2010ലും 2012ലും കേരള ഫോക്‌ലോർ അക്കാദമിയുടെ കലാശ്രീ പുരസ്കാരം ലഭിച്ചു. ഭാര്യ ജയശ്രീയും മക്കളായ ഉത്തരയും ഊർമിളയും ഉണ്ണികൃഷ്ണൻെറ കലാമോഹങ്ങൾക്ക് പൂർണ പിന്തുണ നൽകുന്നുണ്ട്. ഓരോ കലക്കും അതിൻേറതായ മൂല്യങ്ങളുണ്ട്. കലയിൽ മൂല്യങ്ങളുണ്ടാകണമെങ്കിൽ അവയുടെ സത്ത ചോരാതെ അവതരിപ്പിക്കണം. അതിയായ ആഗ്രഹം നിലനിർത്തി ഉണ്ണികൃഷ്ണനെപ്പോലെ ഓരോ വേദിയിൽനിന്ന് പുതുതായി എന്തെങ്കിലും ഉൾക്കൊള്ളണം.

> **നാടൻ കലകളെപ്പറ്റി മാരാർ തയാറാക്കിയ പുസ്തകമാണ് ‘നാമാവശേഷമാകുന്ന നാടൻ കലകൾ’ എന്നത്. ഇപ്പോൾ മുടിയേറ്റിനെക്കുറിച്ചുള്ള പുസ്തകത്തിൻെറ രചനയിലാണ്**






mehar
The Arabesque
THE COMPLETE MODEST CLOTHING STORE

Showrooms
Opp. Lions Park, Beach Road, Calicut. 0495 4060506, 864 1 999955
Opp. Intnl. Stadium, KALOOR, COCHIN 0484 2533555, 864 2 999955
Opp. Muncipality, Perinthalmanna 0493 3223377, 864 6 999955
I Land Building, Nr. Koyenco, Calicut 0495 2727778, 864 7 999955

Ruby Mehar Apparel, Chadranagar, Palakkad-7
Cont: 0491-2573586, 8640999955,9847037778
www.meharhijab.com E-mail:ccmehar@gmail.com
www.facebook.com/meharhijab
Also available amazon.in Paytm snapdeal